VYAVASAYA KERALAM

August 2018

# വ്യവസായ കേരളം

Volume 51 Issue 3

## സംരംഭകർക്ക് കരുത്തു പകരാൻ വ്യവസായ വകുപ്പിന്റെ മൂന്നു പദ്ധതികൾ




## ഓൺലൈൻ വില്പന എങ്ങനെ നടത്താം?

## കുതിപ്പിനൊരുങ്ങുന്ന ടൂറിസം വ്യവസായം


QUALITY YOU CAN TRUST
RICH DAIRY
RICH
DAIRY
റിച്ച് മിൽക്ക്
Rich Milk
അന്നനാട്, ചാലക്കുടി, തൃശ്ശൂർ, പിൻ – 680309
Customer Care No. 7510221113
For Enquiry : 0480 2719220 E-mail : richdiarychalakudy@gmail.com
ഉപയോഗിച്ചുനോക്കൂ... ഗുണം മനസ്സിലാക്കൂ...

Vyavasaya Keralam

www.keralaindustry.org

ആഗസ്റ്റ് 2018 പുസ്തകം 51 ലക്കം 3
August 2018 Volume 51 Issue 3









06 സംരംഭകർക്ക് കരുത്തു പകരാൻ വ്യവസായ വകുപ്പിന്റെ മൂന്നു പദ്ധതികൾ
ടി. എസ്. ചന്ദ്രൻ

14 ഓൺലൈൻ വില്പന എങ്ങനെ നടത്താം?
ഡോ. ശചീന്ദ്രൻ

20 മേളകളും വിപണനവും
എഴുമാവിൽ രവീന്ദ്രനാഥ്

24 കുതിപ്പിനൊരുങ്ങുന്ന ടൂറിസം വ്യവസായം
മനോജ് മാതിരപ്പള്ളി

30 കാലി വളർത്തൽ കാലത്തിനൊത്ത്
ഡോ. ഷൈൻകുമാർ

36 മാന്നാറിലെ ചെമ്പുപാത്ര നിർമ്മാണം
സനൽകുമാരപ്പണിക്കർ

38 ഡിജിറ്റൽ ഇന്ത്യ– സേവനങ്ങൾക്കും സംരംഭകത്വത്തിനും ഇനി പുതുമുഖം
ലോറൻസ് മാത്യു

45 വാഹനങ്ങളുടെ ടയർ പോളിഷ്, ഡാഷ് പോളിഷ് നിർമാണം
ബൈജു നെടുങ്കേരി

# വ്യവസായ സംരംഭകര്‍ക്ക് സാമ്പത്തിക സുരക്ഷ ഒരുക്കി എം. എസ്. എം. ഇ ഇന്‍ഷുറന്‍സ് പദ്ധതി

ചെറുകിട വ്യവസായ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് സര്‍ക്കാര്‍ നിരവധി പദ്ധതികള്‍ നടപ്പാക്കിവരുന്നുണ്ട്. എന്നാല്‍ സംരംഭകരുടെ വ്യക്തിപരമായ പ്രശ്നങ്ങളെ പരിഹരിക്കുന്നതിന് ആദ്യമായാണ് ഒരു സര്‍ക്കാര്‍ പദ്ധതി പ്രഖ്യാപിക്കുന്നത്. വ്യവസായ അസോസിയേഷനുകളുടെ ഏറെക്കാലത്തെ ആവശ്യമാണ് ഇപ്പോള്‍ ഈ പദ്ധതിയിലൂടെ പരിഹരിക്കപ്പെടുന്നത്. സംരംഭങ്ങള്‍ ചിലപ്പോഴൊക്കെ പരാജയപ്പെട്ടേക്കാം. അവര്‍ക്ക് സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തുന്ന ഇന്‍ഷുറന്‍സ് പദ്ധതിയാണ് ഈ വര്‍ഷം മുതല്‍ നടപ്പാക്കാന്‍ പോകുന്നത്. കേന്ദ്രസര്‍ക്കാരിന്റെ സാമൂഹ്യസുരക്ഷാ പദ്ധതിയായ പ്രധാന്‍മന്ത്രി ജീവന്‍ ജ്യോതി ഭീമയോജനയും ലൈഫ് ഇന്‍ഷുറന്‍സ് കോര്‍പറേഷന്‍ ഓഫ് ഇന്ത്യയുടെ ഗ്രൂപ്പ് ഇന്‍ഷുറന്‍സ് പദ്ധതിയും സംയോജിപ്പിച്ചാണ് ഈ പദ്ധതിക്ക് രൂപം നല്‍കിയിരിക്കുന്നത്.



**കെ. ബിജു,** ഐ.എ.എസ്
ഡയറക്ടര്‍, വ്യവസായ വാണിജ്യ വകുപ്പ്


എം. എസ്. എം. ഇ സംരംഭകര്‍ക്ക് ഇന്‍ഷുറന്‍സ് പരിരക്ഷ ഉറപ്പ് വരുത്തുക, 9 മുതല്‍ 12-ാം ക്ലാസ് വരെയുള്ള സംരംഭകരുടെ മക്കള്‍ക്ക് സ്കോളര്‍ഷിപ്പ് നല്‍കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങള്‍.

അപകടമരണം സംഭവിച്ചാല്‍ 4 ലക്ഷം രൂപ വരെ നഷ്ടപരിഹാരം, സ്വാഭാവിക മരണം സംഭവിക്കുമ്പോള്‍ 2 ലക്ഷം രൂപ, ഭാഗികമായ അംഗവൈകല്യത്തിന് 1 ലക്ഷം രൂപ, സ്ഥിരമായ അംഗവൈകല്യത്തിന് 2 ലക്ഷം രൂപ, മരണാനന്തര ചടങ്ങുകള്‍ക്ക് 5,000 രൂപ സഹായം എന്നിവയാണ് പദ്ധതിയുടെ ആനുകൂല്യങ്ങള്‍.

സംസ്ഥാനത്ത് പ്രവര്‍ത്തിച്ചു വരുന്ന, ഇ എം പാര്‍ട്ട് II/ ഉദ്യോഗ് ആധാര്‍ രജിസ്ട്രേഷന്‍ ഉള്ളതും, പ്രൊപ്രൈറ്ററി സ്ഥാപനം ആയിരിക്കുകയും, കുറഞ്ഞത് രണ്ട്പേര്‍ക്ക് തൊഴില്‍ നല്‍കുന്ന സംരംഭം ആകുകയും വേണം. കൂടാതെ സംരംഭകന് 18 നും 50 നും മദ്ധ്യേ പ്രായം ആയിരിക്കണമെന്നും സ്ഥാപനം 3 വര്‍ഷം തുടര്‍ച്ചയായി പ്രവര്‍ത്തിച്ചിരിക്കണം എന്നതും നിബന്ധനകളാണ്.

പ്രതിവര്‍ഷം പ്രീമിയം തുക ആകെ 200 രൂപയാണ്. ഇതില്‍ 100 രൂപ സംസ്ഥാന സര്‍ക്കാര്‍ വിഹിതവും, 100 രൂപ സംരംഭകന്റെ വിഹിതവും ആയിരിക്കും. മൂന്നു വര്‍ഷം വരെ ഇതേ നിരക്ക് തുടരും. നിശ്ചിതഫോമിലുള്ള അപേക്ഷ അതത് ജില്ലാ വ്യവസായകേന്ദ്രത്തില്‍ സമര്‍പ്പിക്കണം. 100 രൂപ സംരംഭകനും, 100 രൂപ സര്‍ക്കാരും അടയ്ക്കുന്നതോടു കൂടി ആനുകൂല്യത്തിന് അര്‍ഹത ഉണ്ടാകും. ഒരു വര്‍ഷത്തേക്കാണ് പ്രാബല്യം. തുടര്‍ന്ന് പുതുക്കുന്നതിന് സൗകര്യമുണ്ടാകും.

2018-19 സാമ്പത്തികവര്‍ഷം മുതലാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഒരു ലക്ഷം സംരംഭകരെ ഈ പദ്ധതിയില്‍ കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നു. ഒരു കോടി രൂപയാണ് ഈ വര്‍ഷത്തെ സംസ്ഥാന പദ്ധതി വിഹിതം. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ വ്യവസായ വികസന ഓഫീസര്‍മാരില്‍ നിന്നും വേണ്ട കൈത്താങ്ങ് സഹായം സംരംഭകര്‍ക്ക് ലഭിക്കുന്നതാണ്.



**ചീഫ് എഡിറ്റര്‍**

**ചീഫ് എഡിറ്റര്‍**
കെ. ബിജു ഐ.എ.എസ്
ഡയറക്ടര്‍, വ്യവസായ വാണിജ്യ വകുപ്പ്

**എഡിറ്റര്‍**
ബൈജു ആര്‍.എസ്.

**കവര്‍, ഡിസൈന്‍ & ലേഔട്ട്**
ദീപക് മൗത്താട്ടില്‍

**ടൈപ്പ് സെറ്റിംഗ്**
വി. അഭിലാഷ്

**എഡിറ്റോറിയല്‍ ഓഫീസ്**
വ്യവസായകേരളം
ഡോക്യുമെന്റേഷന്‍ സെന്റര്‍
ഡി.ഐ.സി. ബില്‍ഡിങ്
വെള്ളയമ്പലം
തിരുവനന്തപുരം - 695 033

**ഫോണ്‍:** 0471 2322789
**ഇമെയില്‍-**
vyavasayakeralam@gmail.com
**വെബ്സൈറ്റ്-**
www.keralaindustry.org

പ്രതിനിധികള്‍-
- **തിരുവനന്തപുരം** : കെ. നാരായണന്‍കുട്ടി
- **കൊല്ലം** : കെ.ബി. ലങ്കേഷ്
- **പത്തനംതിട്ട**: ജി. ഷാജി
- **ആലപ്പുഴ** : ബി. സുരേഷ്
- **കോട്ടയം** : ലോറന്‍സ് മാത്യു
- **ഇടുക്കി** : രഞ്ജിത് ബാബു
- **എറണാകുളം** : പി. സ്വപ്ന
- **തൃശൂര്‍** : ആര്‍ സ്മിത
- **പാലക്കാട്** : എം.വി. ബൈജു
- **മലപ്പുറം** : എ. അബ്ദുള്‍ ലത്തീഫ്
- **കോഴിക്കോട്** : വി.ആര്‍. സിമി ചന്ദ്രന്‍
- **വയനാട്** : ടി.ആര്‍. ബാബുരാജ്
- **കണ്ണൂര്‍** : ഇ.ആര്‍. നിധിന്‍
- **കാസര്‍ഗോഡ്** : കെ. പീതാമ്പരന്‍

**അഡ്മിനിസ്ട്രേറ്റീവ് സപ്പോര്‍ട്ട്**
ഷബീര്‍ എം.,
ലക്ഷ്മി എസ്., ക്ലാരമ്മ ജെയിംസ്,
ആശാലത ടി.,
അരുണ്‍ വി.എന്‍., നിഷ,
വിപിന്‍ വി.എസ്.,
ബേബി. വൈ
രാമകൃഷ്ണന്‍ എഴുത്തച്ഛന്‍

ലേഖകരുടെ അഭിപ്രായങ്ങള്‍ സര്‍ക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്വം ലേഖകര്‍ക്ക് മാത്രമാണ്.

# കേരള വ്യവസായ വാണിജ്യ നയം– 2018

കേരള സംസ്ഥാനത്തിനെ മികച്ച വ്യവസായ വാണിജ്യ കേന്ദ്രമാക്കി മാറ്റിയെടുക്കുവാനുള്ള ലക്ഷ്യത്തോടെയാണ് വ്യവസായ വാണിജ്യ നയം– 2018 ഈ സർക്കാർ പ്രഖ്യാപിച്ചത്. നിലവിലുള്ള വ്യവസായങ്ങളെ ശക്തിപ്പെടുത്തുവാനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും നവീന സാങ്കേതിക വിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുവാനും കഴിയുന്ന വിധത്തിൽ കേരളത്തിലെ വ്യവസായ മേഖലയെ വളർത്തിയെടുക്കേണ്ടതുണ്ട്.

കേരളത്തെ പരിസ്ഥിതി സൗഹൃദ രീതിയിൽ ശക്തമായ നിക്ഷേപക സംസ്ഥാനമാക്കി ഒപ്പം വാണിജ്യ രംഗത്ത് കുതിച്ചുചാട്ടമുണ്ടാക്കി ന്യായമായ വേതനം ലഭിക്കുന്ന തൊഴിൽ അവസരങ്ങൾ വൻതോതിൽ സൃഷ്ടിച്ച് സാമൂഹ്യ പദ്ധതിക്ക് ഊന്നൽ നൽകിക്കൊണ്ട് സുഖമായി വ്യവസായം നടത്തുകയും അതിലൂടെ സമഗ്ര സാമ്പത്തിക പുരോഗതി കൈവരിക്കുകയും രാജ്യത്തെ ആദ്യ പത്തു സംസ്ഥാനങ്ങളിലൊന്നായി ഈ സംസ്ഥാനത്തെ ഉയർത്തുകയും ചെയ്യുക എന്നതാണ് വ്യവസായ നയത്തിന്റെ വീക്ഷണം.



**എ.സി. മൊയ്തീൻ**
വ്യവസായ-വാണിജ്യ വകുപ്പ് മന്ത്രി

വ്യവസായ വളർച്ചയിലൂടെ പരമാവധി തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, സംരംഭങ്ങൾ തുടങ്ങുവാനുള്ള റെഗുലേറ്ററി നടപടിക്രമങ്ങൾ ലഘൂകരിച്ച് സമയബന്ധിതമായി അംഗീകാരവും ക്ലിയറൻസും നൽകുക, പ്രാദേശിക വിഭവങ്ങളെ പ്രയോജനപ്പെടുത്തി ഗ്രാമീണ മേഖലയിൽ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ സമാരംഭിക്കുക, വ്യവസായ മേഖലയിൽ ദേശീയ അന്തർദേശീയ നിക്ഷേപങ്ങൾ ആകർഷിക്കുക, സംസ്ഥാനത്തെ വിദഗ്ദ്ധ മാനവ വിഭവശേഷിയെ പരമാവധി പ്രയോജനപ്പെടുത്തുക, ഭൂമി ഏറ്റെടുക്കൽ, സമാഹരണം, വ്യവസായ പാർക്കുകൾ എന്നിവ വികസിപ്പിച്ചു അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ വളർച്ച രാജ്യത്തിന് തന്നെ മാതൃകയാകുന്ന തരത്തിൽ ത്വരിതപ്പെടുത്തുക, പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കുക, വനിതാ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക, കേരളാ ബ്രാന്റ് വികസിപ്പിച്ച് ദേശീയ അന്തർദേശീയ തലത്തിൽ അംഗീകാരം നേടിയെടുത്ത് വാണിജ്യ മേഖലയിൽ ദേശീയ അന്തർദേശീയ വിപണനം ഉറപ്പാക്കുക, തുടങ്ങി കേരളത്തിലെ വ്യവസായ മേഖലയിൽ അടിസ്ഥാന വികസനത്തിന് ലക്ഷ്യമിട്ടുള്ളതാണ് വ്യവസായനയം.

അഭ്യസ്ത വിദ്യരായ യുവതലമുറയെ തൊഴിൽ അന്വേഷകരിൽ നിന്നും തൊഴിൽ ദാതാക്കളായി മാറ്റുവാൻ പര്യാപ്തമായ നയമാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. പൊതുമേഖലയെ ശക്തിപ്പെടുത്തുന്നതോടൊപ്പം സ്വകാര്യ സംരംഭകരേയും പ്രോത്സാഹിപ്പിക്കുകയും തിരികെ വരുന്ന പ്രവാസി മലയാളികൾക്ക് നിക്ഷേപ സൗഹൃദാന്തരീക്ഷം ഒരുക്കുവാനും ഈ നയം പ്രചോദനമാകും.

കേരളത്തിന്റെ വ്യവസായ– വാണിജ്യ അടിത്തറ കൂടുതൽ ശക്തമക്കാനും, സാമ്പത്തിക രംഗത്ത് വലിയ മുന്നേറ്റം ഉണ്ടാക്കാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ഈ നയത്തിലൂടെ കഴിയും. അതിനുള്ള അശ്രാന്ത പരിശ്രമം വരുംനാളുകളിൽ നമുക്ക് ഏറ്റെടുക്കാം എന്ന പ്രതീക്ഷയോടെ എല്ലാവർക്കും എന്റെ സന്തോഷപ്രദമായ ഓണം– ബക്രീദ് ആശംസകൾ അർപ്പിക്കുന്നു.

ടി. എസ്. ചന്ദ്രൻ

# സംരംഭകർക്ക് കരുത്തു പകരാൻ വ്യവസായ വകുപ്പിന്റെ മൂന്നു പദ്ധതികൾ

## പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി. ഇനി ഒരു കോടി രൂപ വരെ തുടർവായ്പ

പ്രധാനമന്ത്രിയുടെ തൊഴിൽദാനപദ്ധതി (പി. എം. എ. ജി. പി) യിൽ ഒരു കോടി രൂപ വരെ തുടർവായ്പ നൽകുവാൻ സൗകര്യമൊരുക്കി പദ്ധതി പരിഷ്കരിച്ചിരിക്കുന്നു. ഈ വർഷം (2018-19) വരുത്തിയിരിക്കുന്ന സുപ്രധാന ഭേദഗതിയാണ് ഇത്. പദ്ധതി തുടരുന്നതാണ് എന്നും സർക്കാർ വ്യക്തമാക്കിയിരിക്കുന്നു. മുദ്ര പദ്ധതിപ്രകാരം വായ്പ എടുത്തവർക്കും ഈ ആനുകൂല്യം ലഭിക്കും. രണ്ടാം വായ്പ എന്ന നിലക്കാണ് ഇത് നൽകുന്നത്. നിലവിൽ പി. എം. ഇ. ജി. പി., മുദ്ര യോജന എന്നീ പദ്ധതികൾ പ്രകാരം വായ്പ എടുത്ത് സംരംഭം നടത്തിക്കൊണ്ടിരിക്കുന്നവരുടെ നിർമ്മാണ സ്ഥാപനത്തിന് ഒരു കോടി രൂപയും, സേവന സ്ഥാപനത്തിന് 25 ലക്ഷം രൂപയും വായ്പ ആനുകൂല്യങ്ങൾ ലഭിക്കും. നിർമ്മാണ

**പി. എം. ഇ. ജി. പി. കേരളത്തിന് മികച്ച നേട്ടം**

ഈ പദ്ധതിയിൽ ലക്ഷ്യം കവിഞ്ഞ നേട്ടമാണ് കഴിഞ്ഞ സാമ്പത്തികവർഷം (2017-18) സംസ്ഥാനത്തിന് നേടാൻ കഴിഞ്ഞത്.

| ക്രമ നമ്പർ | ഇനം | 2017-18 ലെ ലക്ഷ്യം | 2017-18 ലെ നേട്ടം | 2018-19 ലക്ഷ്യം |
|---|---|---|---|---|
| 1 | പുതിയ സംരംഭങ്ങൾ | 1050 എണ്ണം | 1985 എണ്ണം | 1467 നേട്ടം |
| 2 | മാർജിൻമണി ഗ്രാന്റ്/ | 2082.72 ലക്ഷം രൂപ | 4268.87 ലക്ഷം രൂപ | 3667.38 ലക്ഷം രൂപ |
| 3 | തൊഴിൽ നൽകൽ | 8400 എണ്ണം | 17865 എണ്ണം | 11736 എണ്ണം |

### 2017–18 വർഷത്തെ ജില്ല തിരിച്ചുള്ള പ്രകടനം

| ക്രമ നമ്പർ | ജില്ല | ബാങ്കിലേക്ക് അയച്ച അപേക്ഷകൾ (എണ്ണം) | അതിൽ വരുന്ന മാർജിൻ മണിഗ്രാന്റ് (ലക്ഷം) | അനുവദിച്ച അപേക്ഷകൾ (എണ്ണം) | അതിൽ വരുന്ന മാർജിൻ മണി ഗ്രാന്റ് |
|---|---|---|---|---|---|
| 1 | ആലപ്പുഴ | 357 | 939.66 | 99 | 271.34 |
| 2 | എറണാകുളം | 392 | 1025.92 | 173 | 445.62 |
| 3 | ഇടുക്കി | 449 | 1027.28 | 166 | 277.49 |
| 4 | കണ്ണൂർ | 342 | 666.46 | 129 | 265.64 |
| 5 | കാസർകോട് | 246 | 635.27 | 101 | 215.72 |
| 6 | കൊല്ലം | 295 | 608.37 | 126 | 257.32 |
| 7 | കോട്ടയം | 262 | 613.59 | 90 | 184.44 |
| 8 | കോഴിക്കോട് | 408 | 1106.52 | 129 | 298.18 |
| 9 | മലപ്പുറം | 516 | 1506.52 | 194 | 514.75 |
| 10 | പാലക്കാട് | 652 | 1685.79 | 188 | 430.18 |
| 11 | പത്തനംതിട്ട | 325 | 440.05 | 89 | 125.11 |
| 12 | തിരുവനന്തപുരം | 603 | 943.25 | 183 | 265.42 |
| 13 | തൃശൂർ | 529 | 1227.3 | 242 | 560.6 |
| 14 | വയനാട് | 235 | 575.27 | 76 | 157.06 |
| | **ആകെ** | **5611** | **13000.85** | **1985** | **4268.87** |

സ്ഥാപനത്തിന് പരമാവധി 15 ലക്ഷം രൂപയും, സേവന സ്ഥാപനത്തിന് 3.75 ലക്ഷം രൂപയും മാത്രമേ സബ്സിഡി ലഭിക്കുകയുള്ളൂ. സംരംഭകന്റെ വിഹിതം 10%വും ആയിരിക്കും. ഓൺലൈൻ പോർട്ടലിൽ ഇതിനുള്ള സംവിധാനം ഒരുക്കും.

കയർ പ്രോജക്ടുകളെ പി. എം. ഇ. ജി. പി യിൽ ഉൾപ്പെടുത്താനും, എല്ലാ അപേക്ഷകർക്കും 10 ദിവസത്തെ സംരംഭ വികസന പരിശീലനം നിർബന്ധമാക്കുവാനും, യൂണിറ്റ് ആധാർ മെമ്മോറാണ്ടം (യു. എ. എം) എന്ന രജിസ്ട്രേഷൻ പി. എം. ഇ. ജി. പി. സംരംഭങ്ങൾക്ക് നിർബന്ധമാക്കാനും, വയനാട് ജില്ലയെ പിന്നോക്ക ജില്ലയായി പരിഗണിച്ച് കൂടുതൽ വിഹിതം നൽകാനും പുതിയ വ്യവസ്ഥകൾ ഉണ്ടാക്കിയിരിക്കുന്നു.

പുതിയ സംരംഭങ്ങളുടെ കാര്യത്തിൽ 190% വും, മാർജിൻ മണി ഗ്രാന്റ്, തൊഴിൽ നൽകൽ എന്നിവയിൽ 200%ൽ ഏറെയും നേട്ടങ്ങൾ വായ്പ അനുവദിക്കുന്ന കാര്യത്തിൽ നേടാനായി.

2008 മുതൽ നടപ്പാക്കി വരുന്ന ഒരു സ്വയം തൊഴിൽ വായ്പാ പദ്ധതി (തൊഴിൽ സൃഷ്ടി പദ്ധതി)യാണ് ഇത്. ഖാദി ആന്റ് വില്ലേജ് ഇന്റസ്ട്രീസ് കമ്മീഷൻ, ഖാദി ബോർഡ്, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ എന്നിവ വഴിയാണ് പദ്ധതി നടപ്പാക്കുന്നത്. ഖാദി കമ്മീഷനും ഖാദി ബോർഡും ഗ്രാമീണ മേഖലയിൽ മാത്രം പദ്ധതി നടപ്പാക്കുമ്പോൾ ഡി. ഐ. സി കൾ ഗ്രാമ നഗര വ്യത്യാസമില്ലാതെ പദ്ധതി നടപ്പാക്കുന്നു.

ഏറ്റവും കൂടുതൽ സംരംഭങ്ങൾക്ക് വായ്പ അനുവദിച്ചത് തൃശൂർ ജില്ലയിലാണ്- 242 എണ്ണം, പാലക്കാട് രണ്ടാം സ്ഥാനത്ത് 188 എണ്ണം. സബ്സിഡി വിതരണം ചെയ്തതിൽ ഒന്നാം സ്ഥാനം തൃശൂർ ജില്ലയ്ക്ക് തന്നെയാണ്.



പ്രായപരിധി ഇല്ല. വരുമാന പരിധി ഇല്ല. 10 ലക്ഷത്തിനു മുകളിൽ വരുന്ന നിർമ്മാണ സ്ഥാപനങ്ങളും, 5 ലക്ഷത്തിന് മുകളിൽ വരുന്ന സേവന സ്ഥാപനങ്ങളും തിരഞ്ഞെടുക്കുന്നവർ എട്ടാം ക്ലാസ്സ് പാസ്സായിരിക്കണമെന്നതാണ് വിദ്യാഭ്യാസയോഗ്യത. പാർട്ണർഷിപ്പ്, ലിമിറ്റഡ് കമ്പനി എന്നിവയ്ക്ക് വായ്പ ലഭിക്കില്ല. നേരിട്ടുള്ള കാർഷികവൃത്തികൾ, ഫാമുകൾ, വാഹനങ്ങൾ, പുകയില, മദ്യം, മാംസം, മത്സ്യം, ടെസ്റ്റിംഗ് ലാബുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവയും, അതുമായി ബന്ധപ്പെട്ടതുമായ സംരംഭങ്ങളെ പരിഗണിക്കില്ല.

രണ്ടാം സ്ഥാനം മലപ്പുറത്തിനാണ്.

**പുതുസംരംഭകർക്ക് 25 ലക്ഷം വരെ വായ്പ**

പുതിയ അപേക്ഷകൾക്ക് നിർമ്മാണ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് 25 ലക്ഷം രൂപ വരെയും, സേവന സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് 10 ലക്ഷം രൂപ വരെയുമാണ് വായ്പ ലഭിക്കുക. സാധാരണ ബാങ്ക് പലിശയാണ് ഈടാക്കുക.

പൊതുവിഭാഗങ്ങൾക്ക് നഗരപ്രദേശത്ത് 15 %വും, ഗ്രാമപ്രദേശത്ത് 25% വും, പ്രത്യേക വിഭാഗങ്ങൾക്ക് സ്ത്രീകൾ, എസ്. സി/ എസ്. റ്റി, ഒ. ബി. സി, മതന്യൂനപക്ഷങ്ങൾ, വിമുക്തഭടന്മാർ, ഭിന്നശേഷിക്കാർ) നഗരപ്രദേശത്ത് 25% വും ഗ്രാമപ്രദേശത്ത് 35% വും മാർജിൻ മണിഗ്രാന്റ് ലഭിക്കുന്നു എന്നതാണ് പദ്ധതിയുടെ പ്രധാന ആകർഷണം. ഈ തുക മൂന്ന് വർഷത്തേയ്ക്ക് വായ്പക്കാരന്റെ പേരിൽ എഫ്. ഡി. ആയി സൂക്ഷിക്കുകയും, അതിനുശേഷം പ്രവർത്തനം വിലയിരുത്തി വായ്പാ കണക്കിലേക്ക് വരവ് വയ്ക്കുകയും ചെയ്യുന്നു. എഫ്. ഡി യും ബാങ്കു വായ്പയ്ക്കും ഒരേ പലിശനിരക്ക് ആയിരിക്കണമെന്ന് പദ്ധതിയിൽ നിർദ്ദേശമുണ്ട്.

പൊതുവിഭാഗം 10% വും, പ്രത്യേക വിഭാഗം 5% വുമാണ് സ്വന്തം നിലയിൽ കണ്ടെത്തേണ്ടത്. ബാക്കി വായ്പ ആയിരിക്കും.

18 വയസ്സ് പൂർത്തിയാക്കണം, ഉയർന്ന

അപേക്ഷകളിൽ ഒ. ബി. സി. വിഭാഗങ്ങൾക്ക് 27%വും, എസ്. സി. വിഭാഗത്തിന് 9.1%വും, എസ്. റ്റി. വിഭാഗത്തിന് 1.45% വും, മതന്യൂനപക്ഷങ്ങൾക്ക് 5%വും, ഭിന്നശേഷിക്കാർക്ക് 3%വും, വനിതകൾക്ക് 30% വും സംവരണം ഉണ്ട്. ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാം. www.kvic.org.in എന്നതാണ് സൈറ്റ്. ഖാദി കമ്മീഷനാണ് ഇതിന്റെ നോഡൽ ഏജൻസി. ഖാദി കമ്മീഷൻ, ഖാദി ബോർഡ്, ജില്ലാ വ്യവസായകേന്ദ്രം (കീഴിലുള്ള താലൂക്ക് വ്യവസായ ഓഫീസുകൾ, ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപറേഷൻ എന്നിവിടങ്ങളിലെ വ്യവസായ വികസന ഓഫീസർമാർ) എന്നീ ഓഫീസുകളിൽ നിന്നും കൂടുതൽ വിവരങ്ങൾ ലഭിക്കുന്നതാണ്.

## വ്യവസായമിത്ര: വ്യവസായ പുനരുദ്ധാരണ പദ്ധതി

സംസ്ഥാനത്ത് നിരവധി സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾ തകർച്ചയുടെ

നേരിടുന്നുണ്ട്. ഇതിന് നിരവധി കാരണങ്ങളുണ്ട്. നവീകരിക്കാത്ത സാങ്കേതികവിദ്യ, നൈപുണ്യമുള്ള തൊഴിലാളികളുടെ അഭാവം, ഫണ്ട് വകമാറ്റൽ, മോശമായ മാനേജ്മെന്റ്, വിപണന പ്രശ്നങ്ങൾ എന്നിവ അവയിൽ ചിലത് മാത്രമാണ്. ഇത്തരം അവസ്ഥ സർക്കാരിന് റവന്യൂ നഷ്ടം മാത്രമല്ല തൊഴിലില്ലായ്മയുടെ ആക്കം കൂട്ടുകയും പണത്തിന്റെ ഒഴുക്ക് കുറയുകയും ചെയ്യും. തകർച്ച നേരിടുന്ന സംരംഭങ്ങളെ പുനരുദ്ധരിക്കുന്നതിന് നൂതനമായ ഒരു പദ്ധതി ഈ വർഷം മുതൽ സംസ്ഥാന സർക്കാർ നടപ്പാക്കുകയാണ്. വ്യവസായമിത്ര തകർച്ച നേരിടുന്ന സംരംഭങ്ങളെ പുനരുജ്ജീവിപ്പിക്കാനുള്ള പദ്ധതിയാണ്. അതിനായി വ്യവസായ വകുപ്പിന്റെ കൈത്താങ്ങ് സഹായവും, സാമ്പത്തിക സഹായവും നൽകുന്നതിന് പദ്ധതി വിഭാവം ചെയ്യുന്നു.

**തകർച്ച നേരിടുന്ന സംരംഭങ്ങൾ എന്നാൽ**

റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ മാനദണ്ഡം അനുസരിച്ച് ഇനി പറയുന്ന സംരംഭങ്ങളെയാണ് തകർച്ച നേരിടുന്ന സ്ഥാപനങ്ങളായി കണക്കാക്കുന്നത്.

1. തകർച്ചയുടെ പ്രാരംഭലക്ഷണങ്ങൾ കാണിക്കുന്ന, 30 ദിവസം വരെ പലിശയും മുതലും തിരിച്ചടയ്ക്കുന്നതിന് കഴിയാതെ വരുന്ന സംരംഭങ്ങൾ.
2. മുതലും പലിശയും 31- 60 ദിവസം വരെ കുടിശ്ശിക ആയ സംരംഭങ്ങൾ.
3. മുതലും പലിശയും 61-90 ദിവസം വരെ കുടിശ്ശിക ആയ സ്ഥാപനങ്ങൾ.

ഒരു വർഷമോ അതിൽ കൂടുതലോ കാലമായി വായ്പാ തിരിച്ചടവ് ഇല്ലാതെ വരുന്നതോ, സ്ഥാപനത്തിന്റെ തനി മൂല്യത്തിൽ സഞ്ചിത നഷ്ടം മൂലം 50 % വരെ കുറവ് വരികയും ചെയ്യുന്നതോ ആയ സ്ഥാപനങ്ങളെ രോഗഗ്രസ്തമായ സ്ഥാപനമായി കണക്കാക്കുന്നു. പൂട്ടിയ സ്ഥാപനങ്ങളുടെ





കാര്യത്തിൽ രണ്ട് വർഷവും പ്രവർത്തിക്കുന്നവയുടെ കാര്യത്തിൽ ഒരു വർഷവും വാണിജ്യപരമായ ഉല്പാദനം നടത്തിയിരിക്കണമെന്നും വ്യവസ്ഥയുണ്ട്.

**അപേക്ഷകന്റെ അർഹത**

1. സംസ്ഥാനത്തുള്ള എം. എസ്. എം. ഇ ഉല്പന്ന നിർമ്മാണ സ്ഥാപനം (മാനുഫാക്ചറിംഗ് ഇൻഡസ്ട്രി) ആയിരിക്കണം.
2. സർക്കാരിന്റെ നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുന്നവ ആയിരിക്കരുത്.
3. ഉദ്യോഗ് ആധാർ/ എന്റർപ്രണർ മെമ്മോറാണ്ടം ഏതെങ്കിലുമുള്ള സ്ഥാപനം ആയിരിക്കണം.
4. സിക്ക് യൂണിറ്റിന്റെ നിർവചനത്തിൽ വരുന്ന സ്ഥാപനം ആയിരിക്കണം.
5. പുനരുദ്ധാരണ പദ്ധതി രൂപരേഖ അനുസരിച്ച് പുനരുദ്ധരിക്കാനും തുടർന്ന് ലാഭകരമായി പ്രവർത്തിക്കാനും സാധ്യമായവ ആയിരിക്കണം.
6. സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഖാദി ബോർഡ്/ കമ്മീഷൻ എന്നിവർ ഫണ്ടിംഗ് നടത്തിയ സ്ഥാപനങ്ങൾ എന്നിവർക്ക് അർഹതയില്ല.

**സാമ്പത്തിക ആനുകൂല്യങ്ങൾ**

നിലവിലുള്ള ലോൺ ബാധ്യതകൾ, എക്സ്പേർട്ട് കമ്മറ്റിയുടെ ശുപാർശ പ്രകാരം ധനകാര്യസ്ഥാപനങ്ങൾ പുന:ക്രമീകരിക്കുമ്പോൾ ഇനി പറയുന്ന സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

1. സംരംഭകന്റെ വിഹിതം (മാർജിൻ) ന്റെ 50% പരമാവധി രണ്ട് ലക്ഷം രൂപ
2. പുനരുദ്ധാരണ പാക്കേജ് അനുസരിച്ച് അനുദിക്കുന്ന വായ്പയുടെ പലിശ സബ്സിഡി 6% പരമാവധി ഒരു ലക്ഷം രൂപ
3. പുന:പ്രവർത്തന സഹായം, പുതിയ മെഷിനറികൾ സ്ഥാപിക്കുന്നതിന് വരുന്ന ചെലവിന്റെ 50% പരമാവധി ഒന്നര ലക്ഷം രൂപ
4. നിലവിലുള്ള മെഷിനറികൾ റിപ്പയർ ചെയ്ത് പ്രവർത്തന ക്ഷമമാക്കുന്നതിന് വരുന്ന ചെലവിന്റെ 50% പരമാവധി ഒരു ലക്ഷം രൂപ
5. വില്പന നികുതി, വൈദ്യുതി ചാർജ്, മറ്റ് സർക്കാർ (നിയമപരമായ ബാധ്യത, കുടിശ്ശികകൾ തീർക്കുന്നതിന് വരുന്ന ചെലവിന്റെ 50% പരമാവധി 40,000/- രൂപ
6. പുനരുദ്ധാരണ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് വരുന്ന ചെലവിന്റെ 100%- പരമാവധി 10,000/-

ഒറ്റത്തവണ സാമ്പത്തിക ആനുകൂല്യം നൽകി സ്ഥാപനത്തെ പുനരുദ്ധീപിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഏതൊരു സാഹചര്യത്തിലും ഒരു സ്ഥാപനത്തിന് ലഭിക്കാവുന്ന പരമാവധി പുനരുദ്ധാരണ സാമ്പത്തിക സഹായം 5 ലക്ഷം

രൂപ വരെയായിരിക്കും.

**അപേക്ഷയിലെ നടപടികൾ**

* നിശ്ചിത ഫോമിൽ അപേക്ഷ സമർപിക്കണം
* അതത് ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ മുമ്പാകെ വേണം സമർപ്പിക്കാൻ
* ഉദ്യോഗ് ആധാർ/ ഇ. എം. പകർപ്പ്, റിവൈവൽ പ്രോജക്ട് റിപ്പോർട്ട്, വായ്പ അധികമായി അനുവദിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ്, പുതിയ നിക്ഷേപത്തിന്റെ രേഖകൾ, സംരംഭകന്റെ തിരിച്ചറിയൽ രേഖകൾ, രണ്ട് വർഷത്തെ ആഡിറ്റ് ബാലൻസ് ഷീറ്റ്, ബൈലോ/ പാർട്ണർഷിപ്പ് ഡീഡ്/ മെമ്മോറാണ്ടം കൂടാതെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അപേക്ഷിക്കാനുള്ള തീരുമാനം, പ്രൊപ്രൈറ്ററി അല്ലാത്ത സ്ഥാപനങ്ങളുടെ കാര്യത്തിൽ മാത്രം) എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കണം.
* അപേക്ഷ ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജരുടെ നേതൃത്വത്തിലുള്ള വിദഗ്ദ്ധ സമിതി പരിശോധിച്ച് ജില്ലാതല റിഹാബിലിയേഷൻ കമ്മറ്റിക്ക് ശുപാർശ ചെയ്യുന്നു.
* ജില്ലാ കളക്ടർ ചെയർമാനായും, ഡി. ഐ. സി. ജനറൽ മാനേജർ കൺവീനർ ആയുമുള്ള സമിതിയാണ് വ്യവസായമിത്ര. ഈ കമ്മിറ്റിയാണ് അപേക്ഷ പ്രകാരമുള്ള ആനുകൂല്യങ്ങൾ അനുവദിച്ചു നൽകുന്നത്. ഈ കമ്മറ്റിയിൽ എൽ. ഡി. എം, കെ. എസ്. എസ്. ഐ. എ, കെ. എഫ്. സി, കെ. എസ്. ഇ. ബി, ജി. എസ്. റ്റി, എം. എസ്. എം. ഇ ബാങ്ക് എന്നിവരുടെ പ്രതിനിധികളും ഉണ്ടാകും.
* വ്യവസായ മിത്രയുടെ തീരുമാനത്തിൽ അതൃപ്തി ഉണ്ടെങ്കിൽ വ്യവസായ വാണിജ്യ ഡയറക്ടർക്ക് 90 ദിവസത്തിനുള്ളിൽ അപ്പീൽ നൽകാവുന്നതാണ്.

അപേക്ഷ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക ഫീസ് ഒന്നുമില്ല. 2018-19 വർഷത്തിൽ മൂന്ന് കോടി രൂപ ഈ പദ്ധതി നടപ്പാക്കുന്നതിന് മാറ്റിവച്ചിരിക്കുന്നു. ബ്ലോക്ക്/ മുനിസിപ്പാലിറ്റി/ കോർപറേഷൻ തലങ്ങളിൽ പ്രവർത്തിക്കുന്ന വ്യവസായ വികസന ഓഫീസർമാർ വേണ്ട

With Best Compliment from

M/s. Ulladassery Traders

Chanthakada, Kottathara, Attappady Block
Mannarkkad, Palakkad

*Manufactures of Coconut Oil and Curry powders*

Prop: Faizal U., Mob: 9745933866

കൈത്താങ്ങ് സഹായം സംരംഭകർക്ക് നൽകാവുന്നതാണ്.

## സംരംഭകർക്ക് സുരക്ഷ ഒരുക്കി എം. എസ്. എം. ഇ ഇൻഷുറൻസ് പദ്ധതി

ചെറുകിട വ്യവസായ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് നിരവധിയായ പദ്ധതികൾ സർക്കാർ നടപ്പാക്കി വരുന്നുണ്ട്. സാങ്കേതിക- സാമ്പത്തിക സഹായ പദ്ധതികൾ നിരവധിയുണ്ട്. എന്നാൽ സംരംഭകർ നേരിടുന്ന വ്യക്തിപരമായ പ്രശ്നങ്ങളെ പരിഹരിക്കുന്നതിന് ആദ്യമായാണ് ഒരു സർക്കാർ പദ്ധതി പ്രഖ്യാപിക്കുന്നു. വ്യവസായ അസോസിയേഷനുകളുടെ ഏറെക്കാലത്തെ ആവശ്യമാണ് ഇപ്പോൾ നടപ്പാക്കുന്നത്. സംരംഭങ്ങൾ ചിലപ്പോഴൊക്കെ പരാജയപ്പെട്ടേക്കാം. അവർക്ക് സാമൂഹ്യസുരക്ഷ ഉറപ്പു വരുത്തുന്ന ഇൻഷുറൻസ് പദ്ധതിയാണ് ഈ വർഷം മുതൽ നടപ്പാക്കാൻ പോകുന്നത്. സ്കീം ഫോർ സോഷ്യൽ സെക്യൂരിറ്റി ഫോർ എം. എസ്. എം. ഇ എന്നതാണ് പുതിയ പദ്ധതി.

**ലക്ഷ്യങ്ങൾ**

കേന്ദ്ര സർക്കാരിന്റെ സാമൂഹ്യ സുരക്ഷാ പദ്ധതിയായ പ്രധാൻമന്ത്രി ജീവൻ ജ്യോതി ഭീമ യോജനയും ലൈഫ് ഇൻഷുറൻസ് കോർപറേഷൻ ഓഫ് ഇന്ത്യയുടെ ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയും സംയോജിപ്പിച്ചാണ് ഈ പദ്ധതിക്ക് രൂപം നൽകിയിരിക്കുന്നത്.

1. എം. എസ്. എം. ഇ സംരംഭകർക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പ് വരുത്തുക.
2. 9 മുതൽ 12-ാം ക്ലാസ്സ് വരെയുള്ള സംരംഭകരുടെ മക്കൾക്ക് സ്കോളർഷിപ്പ് നൽകുക.

**പദ്ധതി ആനുകൂല്യങ്ങൾ**

1. അപകടമരണം സംഭവിച്ചാൽ 4 ലക്ഷം രൂപ വരെ നഷ്ടപരിഹാരം
2. സ്വാഭാവിക മരണം സംഭവിക്കുമ്പോൾ 2

With Best Compliment from

M/s. Prime Medicare Industries

15/82, Beemanad Post, Mannarkkad Taluk

Palakkad 678601

*Manufactures of bestanality Surgical Garments & Hospital Uniforms*

Prop: CM Sankaranarayanan, Mob- 9446810071



ലക്ഷം രൂപ വരെ
3. ഭാഗികമായ അംഗവൈകല്യത്തിന്
1 ലക്ഷം രൂപ വരെ
4. സ്ഥിരമായ അംഗവൈകല്യത്തിന്
2 ലക്ഷം രൂപ വരെ
5. മരണാനന്തര ചടങ്ങുകൾക്ക് 50,000 രൂപ വരെ സഹായം.

**അർഹതയും പ്രീമിയവും**

1. സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന സൂക്ഷ്മ- ചെറുകിട ഇടത്തരം സ്ഥാപനം ആയിരിക്കണം. ഇ. എം. പാർട്ട് II/ ഉദ്യോഗ് ആധാർ രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.
2. പ്രൊപ്രൈറ്ററി സ്ഥാപനം ആയിരിക്കണം
3. രണ്ട് പേർക്കെങ്കിലും തൊഴിൽ നൽകുന്ന സ്ഥാപന ഉടമ ആയിരിക്കണം
4. 3 വർഷം തുടർച്ചയായി പ്രവർത്തിച്ചിരിക്കണം
5. പ്രായം 18 നും 50 നും മദ്ധ്യേ
6. പ്രതിവർഷം പ്രീമിയം തുക ആകെ 200 രൂപയാണ്. ഇതിൽ 100 രൂപ സംസ്ഥാന സർക്കാർ വിഹിതവും, 100 രൂപ സംരംഭകന്റെ വിഹിതവും ആയിരിക്കും.
7. മൂന്ന് വർഷം വരെ ഇതേ നിരക്ക് തുടരും. കൂടാതെ കേന്ദ്രസർക്കാരിന്റെ പ്രധാൻമന്ത്രി ജീവൻ ജ്യോതി ഭീമ യോജന തുടരുവോളം, ഈ പദ്ധതിയും തുടരുവാനാണ് ഉദ്ദേശിക്കുന്നത്.
8. കേന്ദ്ര സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ ആനുകൂല്യങ്ങളും സംരംഭകന് ലഭ്യമാക്കും.
9. സോഷ്യൽ സെക്യൂരിറ്റി പ്രധാൻമന്ത്രി ജീവൻ ജ്യോതി ഭീമ യോജനയുടെ മാർഗ്ഗനിർദ്ദേശങ്ങൾ ഇവിടെയും ബാധകമായിരിക്കും.

**അപേക്ഷ സമർപ്പിക്കേണ്ട വിധം**

നിശ്ചിത ഫോമിലുള്ള അപേക്ഷ അതത് ജില്ലാ വ്യവസായകേന്ദ്രത്തിൽ സമർപ്പിക്കണം. ആധാർ കാർഡ്, പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, ഉദ്യോഗ് ആധാർ/ ഇ. എം. പാർട്ട് II സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകളും നൽകണം. 100 രൂപ സംരംഭകനും, 100 രൂപ സർക്കാരും അടയ്ക്കുന്നതോടു കൂടി ആനുകൂല്യത്തിന് അർഹത ഉണ്ടാകും. ഒരു വർഷത്തേക്കാണ് പ്രാബല്യം. തുടർന്ന് പുതുക്കുന്നതിന് സൗകര്യം ഉണ്ടാകും.

2018-19 സാമ്പത്തികവർഷം മുതൽ സംസ്ഥാന സർക്കാരാണ് ഈ പദ്ധതി നടപ്പാക്കുന്നതിന്. വളരെ ചെറിയ പ്രീമിയം അടച്ച് 4 ലക്ഷം രൂപ വരെ ഇൻഷുറൻസ് പരിരക്ഷ സ്ഥാപന ഉടമയ്ക്ക് നേടാനാകും എന്നതാണ് നേട്ടം. ഒരു ലക്ഷം സംരംഭകരെ ഈ പദ്ധതിയിൽ കൊണ്ട് വരുന്നതിന് ഉദ്ദേശിച്ചിരിക്കുന്നു. ഒരു കോടി രൂപയാണ് ഈ വർഷത്തെ സംസ്ഥാന പദ്ധതി വിഹിതം. ബ്ലോക്ക് പഞ്ചായത്ത്/ കോർപറേഷൻ/ മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ വ്യവസായ വികസന ഓഫീസർമാരിൽ നിന്നും വേണ്ട കൈത്താങ്ങ് സഹായം ലഭിക്കുന്നതാണ്.

ഡോ. ശചീന്ദ്രൻ




# ഓൺലൈൻ വില്പന എങ്ങനെ നടത്താം?

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർ നേരിടുന്ന പ്രധാന വെല്ലുവിളികളിൽ ഒന്നാണ് വിപണനത്തിനായി മികച്ച മാർക്കറ്റുകൾ കണ്ടെത്തുക എന്നത് ഉത്പന്നത്തിൽ സവിശേഷതയും മികച്ച ഗുണമേന്മയും കാത്തുസൂക്ഷിക്കാറുണ്ടെങ്കിലും അവ ആകർഷകമായ വിലയ്ക്ക് വിൽക്കുവാൻ എം. എസ്. എം. ഇ കൾ പ്രയാസപ്പെടാറുണ്ട്. സ്ഥാപനത്തിന്റെ തുടക്കത്തിൽ, ദേശീയ തലത്തിലുള്ള ബന്ധങ്ങളുടെ കുറവും വ്യാപകമായ വിപണന ശൃംഖല സൃഷ്ടിക്കുന്നതിലെ പരിമിതികളും വളരെയേറെയാണ്. ഇവിടെയാണ് ഇ കോമേഴ്സ് അഥവാ ഓൺലൈൻ വ്യാപാരത്തിന്റെ സാധ്യതകൾ നാം മനസിലാക്കേണ്ടത്. ഇന്ത്യയിൽ 460 ദശലക്ഷത്തിലധികം ഇന്റർനെറ്റ് ഉപയോക്താക്കളുണ്ട്. ചൈനയ്ക്ക് ശേഷം ലോകത്തിലെ വലിയ രണ്ടാമത്തെ ഓൺലൈൻ വിപണി ഇന്ത്യയാണ്. 2021 ഓടെ 365.8 ദശലക്ഷം ഇന്റർനെറ്റ് ഉപഭോക്താക്കൾ ഉണ്ടാകും എന്നാണ് പഠനങ്ങൾ പറയുന്നത്. ഇന്ത്യയിലെ ചില്ലറ വ്യാപാരത്തിൽ ഇ കോമേഴ്സ് വഴിയുള്ള വില്പന 16 ബില്യൺ അമേരിക്കൻ ഡോളറാണ്. 2021 ഓടെ ഇത് 45 ബില്യൺ അമേരിക്കൻ ഡോളറാകും എന്നാണ് പ്രവചനം. ഇന്ത്യൻ ഉപഭോക്താക്കളിൽ 49 ശതമാനം പേരും സാധനങ്ങളും സേവനങ്ങളും വാങ്ങാനായി മൊബൈൽ ഫോണുകൾ ഉപയോഗിക്കുന്നുണ്ട്. ബ്രോഡ്ബാന്റിന്റെയും 4 ജി ഉൾപെടെയുള്ള സാങ്കേതിക വിദ്യകളുടെ വളർച്ചയും അപാരമാണ്. ഇതെല്ലാം ചൂണ്ടിക്കാണിക്കുന്നത് ഇന്ത്യയിൽ ഇ കൊമേഴ്സിന്റെ സാധ്യതകൾ

അനന്തമാണ് എന്നതാണ്. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർ ഓൺലൈൻ വില്പനയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിൽ ഏറെ മുന്നോട്ട് പോകേണ്ടതുണ്ട്. അതിനാൽ ഇ കോമേഴ്സ് വ്യാപാരം എങ്ങനെ നടത്താം എന്ന് വ്യക്തമാക്കുവാനാണ് ഈ ലേഖനം ലക്ഷ്യമിടുന്നത്.

നടപടിക്രമങ്ങൾ ഓൺലൈൻ വില്പന ആരംഭിക്കുന്നതിനു മുമ്പായി ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ ചുവടെ ചേർക്കുന്നു

## 1. ഓൺലൈൻ വിൽപ്പനയുമായി ബന്ധപ്പെട്ട ചിലവുകൾ കണക്കാക്കുക

ഇന്ത്യയിലായാലും മറ്റേതൊരു രാജ്യത്തായാലും ഓൺലൈൻ വില്പന നടത്തുന്നതിന് ചില ചെലവുകൾ വഹിക്കേണ്ടതുണ്ട്. അവ കണക്കാക്കി അതിനുശേഷവും വില്പനയിലൂടെ ലാഭം ഉണ്ടാക്കാൻ സാധിക്കുമെങ്കിൽ മാത്രമേ ഓൺലൈൻ വ്യാപാരത്തിനിറങ്ങാവൂ. പ്രധാനപ്പെട്ട ചെലവുകൾ താഴെ പറയുന്നവയാണ്.

**(എ) അയയ്ക്കുന്നതിനുള്ള ചെലവ്**

ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലേക്ക് സാധനം വില്പന നടന്നാൽ അവിടേക്ക് അയക്കുന്നതിനുള്ള ചെലവ് എത്രയെന്ന് കണക്കാക്കണം. അത് ഒരു കൊറിയൻ സർവീസിലോ അയക്കുന്ന മറ്റേതെങ്കിലും കമ്പിനിയിലോ അന്വേഷിച്ചാൽ അറിയാൻ കഴിയും. ഇത് സാധാരണ നിലയിൽ സാധനത്തിന്റെ ചെലവിന്റെ 5 മുതൽ 15 ശതമാനം വരെയാകും അയക്കുന്ന സാധനത്തിന്റെ വലിപ്പവും ഭാരവും അനുസരിച്ച് ഇത് മാറും.

**(ബി) പാക്കേജിങ് ചെലവ്**

വിൽക്കാൻ ഉദ്ദേശിക്കുന്ന ഉത്പന്നത്തിനനുസരിച്ച് പാക്കേജിങ് ചെലവ് എത്രയാകുമെന്ന് കണക്കാക്കണം. വിവിധതരം പാക്കിങ് വസ്തുക്കളുടെ ചെലവും, ഓരോ ഉത്പന്നത്തിനും അനുയോജ്യമായ പാക്കിങ്ങിന്റെ സ്വഭാവവും പരിഗണിക്കണം. ഈ ചെലവ് സാധാരണയായി ഉത്പന്നത്തിന്റെ 0.5 മുതൽ 2 ശതമാനം വരെയാകും.

**(സി) പേയ്മെന്റ് ഗേറ്റ് വേ**

**(പണമിടപാട് നടത്താനുള്ള സംവിധാനം)**

സ്വന്തമായൊരു സ്റ്റോർ തുടങ്ങുവാൻ പദ്ധതി ഉണ്ടെങ്കിൽ ഒരു പേയ്മെന്റ് ഗേറ്റ് വേ ആവശ്യമാണ്. ഇതിന് മൊത്തം ഇടപാടിന്റെ 1.5 ശതമാനം മുതൽ 5 വരെ ചാർജ് ഈടാക്കും. ഒറ്റത്തവണയായുള്ള ഫീസും വാർഷിക ഫീസും ഈടാക്കാറുണ്ട്.

**(ഡി) സംഭരണ ചെലവ്**

ഉത്പന്നത്തിന്റെ സ്വഭാവമനുസരിച്ച് സംഭരണശാലയോ അല്ലെങ്കിൽ സംഭരണ സ്ഥലമോ വാടകയ്ക്ക് എടുക്കേണ്ടി വരും. അതിന്റെ ചെലവും കണക്കാക്കണം. ഓൺലൈൻ മാർക്കറ്റിങ് കമ്പനികൾ അവരുടെ സംഭരണശാലകൾ ചെറിയ ഫീസ് നൽകുന്ന പതിവുമുണ്ട്.

**(ഇ) വിപണനത്തിനുള്ള ചെലവ്**

മാർക്കറ്റിംഗിനുള്ള ചെലവും ഉണ്ടാകും. ഒരു പരിധി വരെ സൗജന്യമായി ബിസിനസിനെ വിപണിക്ക് പരിചയപ്പെടുത്താമെങ്കിലും


Prop : Satheesan .V

With Best Compliments

Mob : 83040 78726

Priya Garments

Manufacturing of T-Shirts, Leggings, Kids Wear

Cloth Bag etc...

No. 31C9, Kallampalayam, Palladam, Tirupur

Email : priyagarmentspkd@gmail.com


പണമടച്ചുള്ള ഓൺലൈൻ പരസ്യങ്ങൾ ഒഴിവാക്കാനാവാത്തതാണ്.

## 2. ഓൺലൈൻ വില്പനയുടെ ലാഭസാധ്യത കണക്കാക്കുക

ഓൺലൈൻ വില്പനയുടെ വിവിധ ചെലവുകൾ കണ്ടെത്തിക്കഴിഞ്ഞാൽ അവ ഉപയോഗിച്ച് അതിന്റെ ലാഭസാധ്യത കണക്കാക്കുക. വില്പന വിലയിൽ നിന്നും ഉത്പന്ന ചെലവും മേൽപറഞ്ഞ മറ്റ് ചെലവുകളും കിഴിച്ചു കഴിയുമ്പോൾ ലാഭമാണ് ഉള്ളതെങ്കിൽ മുന്നോട്ട് പോകാവുന്നതാണ്. അതല്ലെങ്കിൽ ചെലവുകൾ കുറയ്ക്കാനുള്ള സാധ്യതകൾ പരിശോധിക്കുകയും ചെയ്യാം.


## 3. ഡിജിറ്റൽ കാറ്റലോഗ് ഉണ്ടാക്കുക

ഓൺലൈൻ വില്പന ലാഭകരമാണെന്ന് കണ്ടാൽ അടുത്ത പടിയായി വിൽക്കാനുദ്ദേശിക്കുന്ന സാധനങ്ങളുടെ ഒരു കാറ്റലോഗ് ഉണ്ടാക്കുക. അത് പിന്നീട് ഇ കോമേഴ്സ് സൈറ്റിലോ സ്വന്തമായി ആതിഥേയത്വം വഹിക്കുന്ന ഷോപ്പിംഗ് കാർട്ടിലേക്കോ നൽകാം. അതിൽ ഉത്പന്ന




കോഡ്, ഉല്പന്നത്തിന്റെ പേരും വിവരണവും, കാറ്റഗറി, വില്പന വില, കിഴിവുകൾ (നൽകാൻ ഉദ്ദേശമുണ്ടെങ്കിൽ), ബ്രാൻഡ്, കളർ, മറ്റ് പ്രത്യേകതകൾ എന്നിവ ചേർക്കണം.






## 4. ഓൺലൈൻ വില്പനയുടെ തുടക്കം മുതൽ അവസാനം വരെയുള്ള പ്രക്രിയ ആസൂത്രണം ചെയ്യുക

ഓർഡർ ലഭിക്കുന്നത് മുതൽ സാധനം അയക്കുന്നതുവരെയുള്ള കാര്യങ്ങൾ മുൻകൂട്ടി കാണുകയും ഒരു രൂപരേഖ തയ്യാറാക്കുകയും ചെയ്യുക. ഓരോ ഘട്ടത്തിലും ചെയ്യേണ്ട കാര്യങ്ങളുടെ ഒരു ലിസ്റ്റ് തയ്യാറാക്കുക.

## 5. സ്റ്റോക്ക് മാനേജ്മെന്റ് സോഫ്റ്റ്‌വെയർ ഉപയോഗിക്കുക

കമ്പനിയിൽ വരികയും പോവുകയും ചെയ്യുന്ന സ്റ്റോക്കിന്റെ വിവരങ്ങൾ നോക്കാൻ ഒരു സോഫ്റ്റ്‌വെയർ ഉപയോഗിക്കുക.

## 6. ഓൺലൈൻ സാന്നിധ്യം ഉറപ്പുവരുത്തുക

ഉപഭോക്താക്കൾ സാധനങ്ങൾ വാങ്ങുന്നതിനു മുമ്പായി കമ്പനിയെക്കുറിച്ച് ഇന്റർനെറ്റിൽ അന്വേഷിക്കും. അവിടെ ഉൽപ്പന്നത്തെക്കുറിച്ചുള്ള റിവ്യൂകൾ, ബിസിനസിനെക്കുറിച്ചുള്ള മറ്റു വിവരങ്ങൾ എന്നിവ ലഭ്യമല്ലെങ്കിൽ അവരുടെ താല്പര്യം കുറയും. അതിനാൽ കമ്പനി വെബ്സൈറ്റിലൂടെയും സോഷ്യൽ മീഡിയയിലൂടെയും മറ്റും തങ്ങളുടെ സാന്നിധ്യം അറിയിക്കണം.

**സ്വന്തമായൊരു വെബ്സ്റ്റോറിന്റെ സാധ്യത**

ഓൺലൈൻ വില്പന നിലവിലുള്ള ഈബേ, സ്നാപ്പ് ഡീൽ മുതലായ മാർക്കറ്റുകൾ വഴിയോ സ്വന്തമായുള്ള വെബ്സൈറ്റ് വഴിയോ നടത്താം.

## 1. ഇ കോമേഴ്സ് മാർക്കറ്റ് വഴിയുള്ള വില്പന

ഇത് ഓൺലൈൻ വില്പനയ്ക്കുള്ള എളുപ്പമായ വഴിയാണ്. ഇതിനായി സ്നാപ്ഡീൽ, ഈബേ, ഫ്ളിപ്കാർട്ട് തുടങ്ങിയ ഏതെങ്കിലും ഒരു കമ്പനിയെ തിരഞ്ഞെടുക്കാവുന്നതാണ്. അതിനുശേഷം ഈ സൈറ്റുകളിൽ ഉള്ള വില്പനക്കാരുടെ രജിസ്ട്രേഷൻ പേജിൽ ചെന്ന് അവിടെ നമ്മുടെ ബിസിനസ് വിവരങ്ങൾ രജിസ്റ്റർ ചെയ്യുകയാണ് വേണ്ടത്. ഇതിനുവേണ്ടി ജി. എസ്. ടി. രജിസ്ട്രേഷൻ നമ്പർ, പാൻ നമ്പർ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, മേൽവിലാസം എന്നിവ നൽകണം. ഏതാനും ദിവസങ്ങൾക്കുള്ളിൽ അവ വെരിഫൈ ചെയ്ത് കമ്പനി മറുപടി നൽകുന്നു.

### നേട്ടങ്ങൾ

* വളരെ കുറഞ്ഞ ചെലവിൽ വിപണനം നടത്താൻ ഇ കോമേഴ്സ് സൈറ്റുകൾ വഴി സാധിക്കുന്നു.

*With Best Compliment from*

# M/s. T.N. Soda Company

11/1137, Alanellur P.O., Mannarkkad Taluk

Palakkad-678601

*Manufactures of Best Quality Soda & Soft Drinks*

Prop: T. Abdul Gaffoor, Mob: 8606092198

*With Best Compliment from*

# M/s Kairali Cement Products,

XII/727, Manaladi, Thenkara, Mannarkkad Thaluk

*Manufactures of Best Quality Cement Blocks*

Prop: Smt. Shibila K. Mob: 9446725687



* ഇത്തരം സൈറ്റുകൾക്ക് നിലവിൽ തന്നെ ലക്ഷക്കണക്കിന് സന്ദർശകരുള്ളതിനാൽ ഉപഭോക്താക്കളെ ലഭിക്കാൻ എളുപ്പമായിരിക്കും.
* പേയ്മെന്റ് ഗേറ്റ് വെയും അയയ്ക്കുന്നതിനെക്കുറിച്ചുള്ള വേവലാതിയും വേണ്ട.
* പാക്കിങ് വസ്തുക്കളും സംഭരണത്തിനുള്ള സൗകര്യവും ഇത്തരം സൈറ്റുകൾ നൽകുന്നു.

കോട്ടങ്ങൾ

* ഇത്തരം സൈറ്റുകൾ ഓരോ വില്പനയ്ക്കും ഭീമമായ കമ്മീഷൻ ഈടാക്കുന്നു. ഇത് 15 മുതൽ 20 ശതമാനം വരെ വരും.
* ഇത്തരം സൈറ്റുകളിൽ എങ്ങനെയാണ് തങ്ങളുടെ ഉത്പന്നം പ്രദർശിപ്പിക്കുന്നത് എന്നതിന് മേൽ യാതൊരു നിയന്ത്രണവും കമ്പനിക്കില്ല.
* ഓൺലൈൻ വ്യാപാരം വികസിപ്പിക്കുന്തോറും കമ്മീഷൻ കൂടിവരും.

## 2. സ്വന്തമായൊരു വെബ്സ്റ്റോർ/ ഷോപ്പിംഗ് കാർട്ട് തുടങ്ങുന്നതിന്റെ സാധ്യതകൾ

കമ്പനിക്ക് വേണമെങ്കിൽ സ്വന്തമായി ഇ കോമേഴ്സ് വെബ്സൈറ്റ് തുടങ്ങാം. അത് സ്വന്തം സെർവറിൽ ഹോസ്റ്റ് ചെയ്യുകയോ അതല്ലെങ്കിൽ ഓൺലൈൻ സ്റ്റോർ ഉണ്ടാക്കുന്നവരെ ഉപയോഗിച്ച് വെബ്സ്റ്റോർ ഉണ്ടാക്കുകയോ ചെയ്യാം. ഇതിനായി ബിൽഡ് എ ബസാർ, ഷോപ്പിഫൈ, കാർട്ട് റോക്കറ്റ് തുടങ്ങിയ സൈറ്റുകളെ ആശ്രയിക്കാവുന്നതാണ്. സൈറ്റ് തിരഞ്ഞെടുത്തതിന് ശേഷം അതിൽ രജിസ്റ്റർ ചെയ്യുകയും ഉത്പന്നങ്ങളുടെ കാറ്റലോഗ് അപ്‌ലോഡ് ചെയ്യുകയും വേണം. നമ്മുടെ സ്വന്തം പേയ്മെന്റ് ഗേറ്റ് വേയോ അല്ലെങ്കിൽ അതാതു സൈറ്റുകൾ നൽകുന്നതോ ഉപയോഗിക്കാം.

**നേട്ടങ്ങൾ**

* ഇതിനായി വലിയ സാങ്കേതിക പരിജ്ഞാനം ആവശ്യമില്ല.
* അനായാസം ഇടപെടാനാകും
* നമുക്കാവശ്യമായ രീതിയിൽ ഒരുക്കിയെടുക്കാനാകും.

**കോട്ടങ്ങൾ**

* സ്വന്തമായി സൈറ്റുണ്ടാക്കുമ്പോൾ തുടക്കത്തിൽ വലിയ നിക്ഷേപം വേണ്ടിവരും.
* പുതിയ സൈറ്റ് ആയതിനാൽ ആളുകളെ വിശ്വാസത്തിലെടുക്കാൻ നന്നായി അധ്വാനിക്കേണ്ടിവരും.

ചുരുക്കത്തിൽ ഓൺലൈൻ വില്പന അനന്തമായ സാധ്യതകളാണ് സംരംഭകർക്ക് മുന്നിൽ തുറന്നു തരുന്നത്. അത് ഫലപ്രദമായി വിനിയോഗിക്കാൻ ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തുകയും തങ്ങൾക്ക് ഏറ്റവും അനുയോജ്യമായ രീതിയിൽ വിപണിയിൽ പ്രവേശിക്കുകയും ചെയ്യണം.

എഴുമാവിൽ രവീന്ദ്രനാഥ്



# മേളകളും വിപണനവും

അന്നുമിന്നും ഉല്പാദകന്റെ ഏറ്റവും വലിയ ആശങ്ക വിപണിയെപ്പറ്റയായിരുന്നു. രണ്ടു നൂറ്റാണ്ടുകൾക്കു മുമ്പ് നമ്മുടെ സംരംഭകരുടെ ഉല്പന്നശ്രേണി പരിമിതമായിരുന്നുവെന്നു നമുക്കറിയാം. കാർഷികോല്പന്നങ്ങൾ, കരകൗശലവസ്തുക്കൾ, കയർ, കൈത്തറി, സൗന്ദര്യസംവർദ്ധകങ്ങൾ, ഭക്ഷ്യവസ്തുക്കൾ എന്നിങ്ങനെ പോകുന്നു അവയുടെ നിര. ഇവയിൽ പലതിനും പ്രാദേശികമായ ഉല്പാദകരുണ്ടായിരുന്നു. അവരുടെ വിപണിയും വിപണനവും ഒരു പ്രദേശത്തുമാത്രം ഒതുങ്ങിയിരുന്നു. വിപണി വികസനമോ മത്സരമോ അവർ ആഗ്രഹിച്ചിരുന്നില്ല. മറുനാടുകളിൽ നിന്നുമെത്തുന്ന പലവ്യഞ്ജനങ്ങൾ മാത്രമായിരുന്നു ഇതിനൊരപവാദം. മല്ലി, മുളക്, ജീരകം, ഉലുവ, കടുക്, ഉള്ളി, വെളുത്തുള്ളി, പരിപ്പുവർഗ്ഗങ്ങൾ, പഞ്ചസാര എന്നിങ്ങനെ പോകുന്നു അവയുടെ പട്ടിക വിപണനതന്ത്രങ്ങൾ ഒന്നുംതന്നെ ആവിഷ്കരിക്കപ്പെടാതെ വലിയങ്ങാടിയിലെത്തി കൊച്ചങ്ങാടി വഴി പീടികളിലേക്കു കാളവണ്ടികൾ വഴി എത്തിച്ച് ഉപഭോക്താക്കൾക്ക് യഥേഷ്ടം നൽകിവരുന്ന ഒരു പരമ്പരാഗത നെറ്റ്‌വർക്ക് ആയിരുന്നു കാലങ്ങളായി നമുക്കുണ്ടായിരുന്നത്.

ഇതുകൂടാതെ ഉല്പാദകനും വിതരണക്കാരനും ഒരാളായുള്ള മൈക്രോ യൂണിറ്റുകളെ ഇവിടെ നിലനിന്നിരുന്നു. (അത് ഇന്നും സജീവമാണ്). സ്വയം പ്രൊമോട്ട് ചെയ്ത് വിപണി കണ്ടെത്തുന്ന രീതി ഉല്പന്നത്തിന്റെ ആധിക്യമുള്ളപ്പോൾ പറ്റില്ലല്ലോ. ഹാൻഡ്മേഡ് ആയി തീർക്കുന്ന ഗൃഹോപകരണങ്ങൾ (കുട്ട, വട്ടി, മുറം, ചൂല്, തവി, ഇരിപ്പു പലകകൾ) ആയുധങ്ങൾ (കറിക്കത്തി, വെട്ടുകത്തി, മഴു കോടാലി, ചിരവ) കാർഷികോപകരണങ്ങളും ആയുധങ്ങളും (തുമ്പ, മൺവെട്ടി, പിക്ക് ആക്സ്, പാര, അലവാങ്ക്, മൺകോരി) ഭക്ഷ്യവസ്തുക്കൾ (അവൽ, പൊടികൾ,



**വിപണനരംഗത്ത് ഉത്സവങ്ങളും നിശ്ചിതദിവസങ്ങളിൽ കൂടുന്ന ചന്തകളും വളരെയേറെ പ്രയോജനം ചെയ്യുമെന്നു കണ്ടെത്തിയ ആദ്യകാല ഭരണാധികാരികളായിരുന്നു പഴശ്ശിരാജ, ശക്തൻ തമ്പുരാൻ, ഉണ്ണിരാമകോയിൽ, രവിവർമ്മ കുലശേഖരൻ തുടങ്ങിയവർ.**

അച്ചാറുകൾ, ചിപ്സ്, പലഹാരങ്ങൾ) ശുചീകരണ വസ്തുക്കൾ, സൗന്ദര്യവർദ്ധകവസ്തുക്കൾ ഇവയൊക്കെ ഇപ്രകാരം വിപണനം ചെയ്യപ്പെടുന്നു. ഉല്പന്നത്തിന്റെ വ്യാപ്തി അനുസരിച്ച് ഡോർ ടു ഡോർ മാർക്കറ്റിങ്ങിന് ഏതാനും പേരെകൂടി നിയമിച്ചും ഉല്പാദകർ വിപണനശൃംഖല തീർത്തു. വിജയകരമായ ഈ പരീക്ഷണങ്ങളാണ് പിന്നീട് മൾട്ടിനാഷണൽ കമ്പനികളുടെ ഫ്രാഞ്ചൈസികൾ വരെ ഇവിടെ പയറ്റിയത്. ഇന്നും —— മാർക്കറ്റിങ്ങ് ഇവിടെ തകൃതിയായി നടന്നു വരുന്നു.

വീണ്ടും വിഷയത്തിലേക്കു മടങ്ങാം. ആളുകൾ ഒത്തുകൂടുന്ന പൊതുചടങ്ങുകളെ വിപണന കേന്ദ്രങ്ങളാക്കി മാറ്റുന്ന സമ്പ്രദായം നൂറ്റാണ്ടുകളായി ഇവിടെ നടന്നുവരുന്നു. ക്ഷേത്രങ്ങൾ, പള്ളികൾ, മോസ്കുകൾ ഇവയിലെ വാർഷികോത്സവവേളകളെയും പ്രധാന ദേശീയോത്സവങ്ങളേയുമാണ് വിപണി വികസനത്തിനുള്ള മാധ്യമമായി ഉല്പാദകർ കണ്ടത്. ഒളരിക്കര വേലച്ചന്ത, ഓച്ചിറച്ചന്ത, കാടാമ്പുഴ ഉത്സവച്ചന്ത, കാട്ടകാമ്പൽ തിരുവാതിര വാണിഭം, കൂർക്കഞ്ചേരി തൈപ്പൂയച്ചന്ത, കൊടകര ഷഷ്ഠിച്ചന്ത, കൊടുങ്ങല്ലൂർ ഭരണിച്ചന്ത, കൊട്ടാരക്കര ഉത്സവച്ചന്ത, തളി ഉത്സവച്ചന്ത, ഗുരുവായൂർ ഏകാദശിച്ചന്ത, ചക്കപ്പൂരച്ചന്ത, ചൊവ്വല്ലൂർപ്പൂരച്ചന്ത, തിരുവാതിരച്ചന്ത, വിഷുച്ചന്ത, ഓണച്ചന്ത, നെന്മാറവേലച്ചന്ത, പതിരുവാണിഭം, പള്ളിച്ചന്ത, പാവറട്ടി പെരുന്നാൾച്ചന്ത, പൂക്കോത്തെച്ചന്ത, പൂരാടവാണിഭം, മണ്ണാറശാല ഉത്സവച്ചന്ത, മാണിക്കോത്ത് ചന്ത, തെള്ളിയൂർ വാണിഭം എന്നിവ പ്രാചീനകാലം മുതൽക്കേ പെരുമകേട്ട വിപണന വേദികളായിരുന്നു. ഇവ കൂടാതെ ആയിരക്കണക്കിനു പ്രാദേശികോത്സവങ്ങളും വിപണനത്തിനുള്ള സാധ്യതകൾ ഒരുക്കിക്കൊടുത്തിരുന്നു.

വിപണനരംഗത്ത് ഉത്സവങ്ങളും നിശ്ചിതദിവസങ്ങളിൽ കൂടുന്ന ചന്തകളും വളരെയേറെ പ്രയോജനം ചെയ്യുമെന്നു കണ്ടെത്തിയ ആദ്യകാല ഭരണാധികാരികളായിരുന്നു പഴശ്ശിരാജ, ശക്തൻ തമ്പുരാൻ, ഉണ്ണിരാമകോയിൽ, രവിവർമ്മ കുലശേഖരൻ തുടങ്ങിയവർ. വേണാടിന്റെ അധിപതിയായിരുന്ന രവിവർമ്മയും, കൊച്ചിയിലെ ഭരണാധികാരിയായിരുന്ന ഉണ്ണിരാമക്കോയിലും കാർഷികോല്പന്ന വിപണനത്തിനായി കൊട്ടാരംവക പൊതുസ്ഥലങ്ങൾ കരമൊഴിവായി ഉല്പാദകർക്കു നൽകിയാണ് വിപണിയുണർത്തിയത്. പിന്നീട്

മേളകൾ സംബന്ധിച്ച ഒരു സ്ഥിതിവിവരക്കണക്ക് ഇപ്രകാരമാണ്.

| വർഷം | സംസ്ഥാന സർക്കാർ വകുപ്പുകൾ/ സംരംഭങ്ങൾ | കേന്ദ്ര സർക്കാർ വകുപ്പുകൾ/ സംരംഭങ്ങൾ | മറ്റു സംസ്ഥാനങ്ങൾ | സ്വകാര്യ ഏജൻസികൾ |
|---|---|---|---|---|
| 1950 | 10 | 2 | 4 | 2 |
| 1960 | 20 | 10 | 8 | 6 |
| 1970 | 28 | 12 | 10 | 10 |
| 1980 | 36 | 14 | 14 | 10 |
| 1990 | 40 | 12 | 15 | 15 |
| 2000 | 46 | 16 | 18 | 30 |
| 2010 | 60 | 20 | 22 | 70 |

തിരുവിതാംകൂറും കൊച്ചിയും മലബാറും ഭരിച്ച രാജാക്കന്മാരും ദിവാൻമാരുമൊക്കെ ഉല്പാദനരംഗത്തിന് നിരവധി ആനുകൂല്യങ്ങൾ നൽകുകയുണ്ടായി. വിസ്താരഭയത്താൽ അതിലേയ്ക്ക് കടക്കുന്നില്ല.

ജനാധിപത്യത്തിലേക്കു നമ്മുടെ സംസ്ഥാനം എത്തിയതോടെ ട്രേഡ് ഫെയറുകളുടെ ഘോഷയാത്ര തന്നെ അരങ്ങേറി. പ്രാദേശികോത്സവങ്ങളോടനുബന്ധിച്ചുള്ള എക്സിബിഷൻ- കം- സെയിൽസ് സ്റ്റാളുകൾ, ദേശീയോത്സവങ്ങളോടനുബന്ധിച്ച് സംസ്ഥാനത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ സംഘടിപ്പിക്കുന്ന ട്രേഡ് ഫെയറുകൾ. നാഷണൽ ഫെയറുകൾ എന്നിവയും ഓണം, വിഷു, ക്രിസ്മസ്, ഈസ്റ്റർ, ന്യൂ ഇയർ, ദീപാവലി എന്നിവയ്ക്കൊപ്പം സംഘടിപ്പിക്കുന്ന ഫെയറുകളും വളരെ ജനശ്രദ്ധ നേടുകയുണ്ടായി. ഇവയുടെ ചുവടുപിടിച്ച് വ്യാപാരസംഘടനകളും, അസോസിയേഷനുകളും ഈ രംഗത്തേയ്ക്കു തിരിഞ്ഞു. വൈവിധ്യമാർന്ന ഉല്പന്നങ്ങളുടെ നീണ്ട നിരയുടെ പ്രദർശനവും വില്പനയും കൊഴുപ്പിക്കാൻ ഒപ്പം കലാപരിപാടികളും വിനോദമത്സരങ്ങളും വരെ ഒരുക്കിക്കൊണ്ടാണിന്ന് സംഘാടകർ വിപണിക്കു കരുത്തു പകരുകയാണ്.

സംസ്ഥാന സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സംരംഭങ്ങൾ എന്നിവ വിപണന രംഗത്ത് 1950 മുതൽ സജീവമായി. അന്ന് പത്തു മേളകളാണ് സംസ്ഥാനമൊട്ടാകെ നടന്നതെങ്കിൽ ഇന്നത് എഴുപതോളമായി. കേന്ദ്രസംരംഭങ്ങൾ രണ്ടിൽ നിന്ന് ഇരുപത്തഞ്ചിലേക്കു വന്നു. അന്യസംസ്ഥാനത്തെ ഉല്പാദകരുമായി വിപണന മേളകളിലെ പങ്കാളിത്തം നാലിൽ നിന്ന് ഇപ്പോൾ മുപ്പതായി. സ്വകാര്യ സംരംഭങ്ങളാണ് ഇക്കാര്യത്തിൽ വൻ കുതിച്ചുചാട്ടം നടത്തിയിരിക്കുന്നത്. തുടക്കത്തിൽ രണ്ടായിരുന്നത് ഇപ്പോൾ 98 ആയിട്ടുണ്ട് (2017 ൽ) ഉല്പന്നങ്ങളെ ജനങ്ങളിലേക്ക്





എത്തിക്കാനുള്ള വമ്പൻ ശ്രമങ്ങളാണ് ഇവിടെ ഊർജ്ജസ്വലമായി നടന്നു വരുന്നത്.

വ്യവസായം, കൃഷി, ഗ്രാമവികസനം, , സഹകരണം, ഇലക്ട്രോണിക്സ്, ഭക്ഷ്യം, വനം, ക്ഷീരവികസനം, ഖാദിഗ്രാമവ്യവസായം, ഫിഷറീസ്, പട്ടികജാതിവർഗ്ഗം, തുടങ്ങി അരഡസനിലേറെ വകുപ്പുകളും പൊതുമേഖലാ സംരംഭങ്ങളും വിപണനമേളകളിൽ ഇന്നു സജീവമാണ്. ഉത്സവങ്ങൾ കെങ്കേമമാക്കാനുള്ള മലയാളികളുടെ മന:ശാസ്ത്രമാണ് ഇവിടെ പണമാക്കി മാറ്റുന്നത്. മേളകളിലൂടെ വിപണി വിസ്തൃതി പതിന്മടങ്ങു വർദ്ധിപ്പിക്കാനായിട്ടുണ്ടെന്ന് സംഘാടകർ പറയുന്നു. നിത്യവും മാറിക്കൊണ്ടിരിക്കുന്ന ഇലക്ട്രോണിക്സ് ഉല്പന്നങ്ങൾക്കും ആധുനികത മിനുക്കിത്തിളക്കുന്ന ഗൃഹോപകരണങ്ങൾക്കും, പുതുമകൾ തേടുന്ന സൗന്ദര്യവർദ്ധകങ്ങൾക്കും, കലർപ്പില്ലാത്ത നാടൻ ഉല്പന്നങ്ങൾക്കും, കരകൗശല വസ്തുക്കൾക്കും ഇന്ന് ഡിമാന്റ് ഏറുകയാണ്. കോട്ടണും ഖാദിയും വീണ്ടും വിപണിയിൽ തരംഗമായി. ഡിജിറ്റൽ ടെക്നോളജി അടുക്കളകളെയും പുതിയ തലത്തിലേക്കുയർത്തി. ഐ. ഡി. പ്രൂഫിന്റെയും, ചെക്ക് ലീഫിന്റെയും അടിസ്ഥാനത്തിൽ തവണവ്യവസ്ഥയിൽ തിരിച്ചടവ് മതിയെന്ന ന്യൂജനറേഷൻ ബാങ്കുകളുടെ വായ്പാതന്ത്രം ഇന്ന് ഉപഭോക്താക്കളെ കൂടുതൽ ഊർജ്ജസ്വലമായി വിപണിയിലിറങ്ങാൻ പ്രേരിപ്പിക്കുന്നു. സീറോ പെർസന്റ് ഇന്ററസ്റ്റ് മുതൽ ആയുഷ്കാല വാറണ്ടി വരെ ഉല്പാദകരും ബാങ്കുകളും ഓഫർ ചെയ്യുമ്പോൾ മേളകളെ ഹൃദയത്തിലേറ്റാതിരിക്കാൻ ആർക്കുപറ്റും. ഉത്സവകാലങ്ങളെ കൊയ്ത്തുകാലങ്ങളാക്കി മാറ്റുന്നതിൽ നമ്മുടെ ഉല്പാദകർ വിജയിച്ചുകഴിഞ്ഞു. ഗുണമേന്മ കൂടി ഉറപ്പാക്കിയതിനാൽ ജനം അവർക്കൊപ്പം കൂടുന്നു. ക്വാണ്ടിറ്റിയെക്കാൾ ക്വാളിറ്റിയിലേക്കാണ് പുതുതലമുറ ഫോക്കസ്സ് ചെയ്യുന്നത്. ഇക്കാര്യത്തിൽ ഉല്പാദകരും ബോധവാന്മാരാണ് അന്യരാജ്യങ്ങളിൽ നിന്നും ചുളുവിലയ്ക്കെത്തുന്ന നിലവാരമില്ലാത്ത ഉല്പന്നങ്ങൾക്കു പിന്നാലെ പായുന്ന ആ കാലമൊക്കെ കഴിഞ്ഞു. ഇനി ഓരോ ഉത്സവവും വിപണനോത്സവമാണ്. നമുക്കും ഒന്നിറങ്ങിയാലോ?

മനോജ് മാതിരപ്പള്ളി



# കുതിപ്പിനൊരുങ്ങുന്ന ടൂറിസം വ്യവസായം

**വീ**ണ്ടുമൊരു വിനോദസഞ്ചാരസീസൺ കൂടി ആരംഭിക്കുമ്പോൾ സംസ്ഥാനത്തെ ടൂറിസം മേഖല വൻകുതിപ്പിന് ഒരുങ്ങുകയാണ്. സമീപ കാലത്തെ ഏറ്റവും ശക്തമായ വളർച്ചയാവും ഇത്തവണ ഈ രംഗത്ത് ഉണ്ടാവുകയെന്നാണ് പൊതുവേയുള്ള വിലയിരുത്തൽ. പന്ത്രണ്ടുവർഷ ത്തിലൊരിക്കൽ പൂക്കുന്ന നീലക്കുറിഞ്ഞിയാവും ഇതിന് മുഖ്യകാരണം. ഇപ്പോൾ തന്നെ അടുത്ത രണ്ടുമൂന്ന് മാസത്തേക്ക് മൂന്നാർ, കാന്തല്ലൂർ മേഖ ലകളിലെ റിസോർട്ടുകളിലെല്ലാം വൻബുക്കിം ഗാണ് നടന്നിട്ടുള്ളത്. 2006-ൽ നീലക്കുറിഞ്ഞി പൂത്തപ്പോൾ മൂന്നാറിൽനിന്നും 50 കി.മീ. ചുറ്റള വിൽ പോലും താമസസൗകര്യം കിട്ടാനുണ്ടായി രുന്നില്ല. ഈ വർഷം അതിനേക്കാൾ കൂടുതൽ വിദേശടൂറിസ്റ്റുകളും ആഭ്യന്തര സഞ്ചാരികളും മൂന്നാറിൽ എത്തുമെന്ന് കണക്കാക്കപ്പെടുന്നു.

വിദേശരാജ്യങ്ങളിൽനിന്നും ഉത്തരേന്ത്യ യിൽനിന്നും നീലക്കുറിഞ്ഞി കാണാനെത്തുന്ന ടൂറിസ്റ്റുകളിൽ ബഹുഭൂരിപക്ഷവും മൂന്നാർ സന്ദർശനത്തിനുശേഷം മടങ്ങിപ്പോകുന്നവര ല്ലെന്നാണ് ടൂർ ഓപ്പറേറ്റർമാരുടെ നിലപാട്. ഇവ രുമായി ബന്ധപ്പെടുന്നവർ മൂന്നാറിനൊപ്പം തേക്ക ടി, വാഗമൺ, കൊച്ചി, ആലപ്പുഴ തുടങ്ങിയ സ്ഥല ങ്ങളെക്കുറിച്ചും അന്വേഷിക്കുന്നുണ്ട്. പലരും ഇതി



നേട്ടം ഓരോ വർഷവും ഈ മേഖലയിൽ ഉണ്ടാവുകയും ചെയ്യുന്നു.

## കേരളത്തിന് അഭിമാനിക്കാം

സംസ്ഥാനത്തിന്റെ വിനോദസഞ്ചാര മേഖലയിൽ ഏറെ സാധ്യതകൾ തുറന്നുവെക്കുന്നതും, പ്രതികൂലമായേക്കാവുന്ന പല പ്രതിസന്ധികളെയും അതിജീവിക്കുന്നതുമായിരുന്നു കഴിഞ്ഞ സീസണിലുണ്ടായ പ്രതികരണം. ആയിരം, അഞ്ഞൂറു രൂപാനോട്ടുകളുടെ അസാധുവാക്കൽ, തുടർന്നുണ്ടായ സാമ്പത്തിക പ്രതിസന്ധി, ചരക്കുസേവനനികുതി തുടങ്ങിയവയെല്ലാം യാത്രാപ്രിയരായ ലക്ഷക്കണക്കിന് ആളുകളെ പ്രതികൂലമായി ബാധിച്ചു. ഇതുമൂലം കോടിക്കണക്കിന് രൂപയുടെ നഷ്ടം വിനോദസഞ്ചാര മേഖലയിൽ ഉണ്ടാവുകയും ചെയ്തു. എന്നാൽ ഈ പ്രതിസന്ധിക്കിടയിലും ഒരുവർഷത്തെ മൊത്തം കണക്ക് പരിശോധിക്കുമ്പോൾ കേരളത്തിന് നേട്ടമുണ്ടായതായി കാണാം.

ഇവിടുത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വളർച്ചാനിരക്കിലും ആഭ്യന്തര-വിദേശസഞ്ചാരികളുടെ എണ്ണത്തിലും കഴിഞ്ഞ വർഷം വൻവർദ്ധനയുണ്ടായെന്ന് കണക്കുകൾ കാണിക്കുന്നു. 2016-നെ അപേക്ഷിച്ച് കഴിഞ്ഞ വർഷം കേരളത്തിൽ എത്തിയ സഞ്ചാരികളുടെ എണ്ണത്തിൽ 10.93 ശതമാനത്തിന്റെ വർധനയുണ്ട്. ഇതിലധികവും ആഭ്യന്തരസഞ്ചാരികളാണ്. പതിനഞ്ചു ലക്ഷം ആഭ്യന്തരസഞ്ചാരികളാണ് കഴിഞ്ഞ വർഷം കൂടുതലായി കേരളത്തിൽ എത്തിയത്. ഇതുമാത്രം 11.39 ശതമാനം വരും. ഇവിടെത്തിയ വിദേശടൂറിസ്റ്റുകളുടെ എണ്ണത്തിലും 2016-നേക്കാൾ 5.15 ശതമാനത്തിന്റെ വളർച്ചയുണ്ട്. കഴിഞ്ഞ വർഷം മാത്രം വിനോദസഞ്ചാരമേഖലയിൽനിന്നും 33,383.68 കോടിരൂപയുടെ വരുമാനവും കേരളത്തിന് ലഭിച്ചു. കറൻസി അസാധുവാക്കൽ ഇല്ലായിരുന്നുവെങ്കിൽ ടൂറിസം രംഗത്ത് കേരളത്തിന് കഴിഞ്ഞ വർഷം റെക്കോർഡ് വളർച്ച കൈവരിക്കാമായിരുന്നു.

പ്രതികൂല സാഹചര്യങ്ങൾക്കിടയിലും ഇത്രയും നേട്ടം നമുക്ക് ഉണ്ടായിട്ടുണ്ടെങ്കിൽ അത് ഭാവിയിലെ വൻസാധ്യതകളിലേക്ക് വിരൽചൂണ്ടുന്നതാണ്. ഈ തിരിച്ചറിവ് സർക്കാരിനുമുണ്ട്. തേക്കടിയും മൂന്നാറും ആലപ്പുഴയും പോലെയുള്ള അറിയപ്പെടുന്ന ടൂറിസ്റ്റുകേന്ദ്രങ്ങളിലെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുകയും, അറി

**പ്രതികൂല സാഹചര്യങ്ങൾക്കിടയിലും ഇത്രയും നേട്ടം നമുക്ക് ഉണ്ടായിട്ടുണ്ടെങ്കിൽ അത് ഭാവിയിലെ വൻസാധ്യതകളിലേക്ക് വിരൽചൂണ്ടുന്നതാണ്. ഈ തിരിച്ചറിവ് സർക്കാരിനുമുണ്ട്.**

നകം തന്നെ യാത്രയ്ക്കുള്ള തീയതിയും താമസസ്ഥലങ്ങളുമെല്ലാം നിശ്ചയിച്ചുകഴിഞ്ഞു. അതുകൊണ്ടുതന്നെ നീലക്കുറിഞ്ഞി പൂവിടുന്നതിന്റെ നേട്ടം ഇവിടുത്തെ മറ്റു വിനോദസഞ്ചാരകേന്ദ്രങ്ങൾക്കും ലഭിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് കൂടുതൽ ആഭ്യന്തര-വിദേശസഞ്ചാരികളെ ആകർഷിക്കുന്നതിനായി സർക്കാർ തലത്തിലും വിവിധ ടൂർ ഓപ്പറേറ്റർമാരുടെയും സംരംഭങ്ങളുടെയും നേതൃത്വത്തിലും പ്രചാരണപരിപാടികൾ നടക്കുന്നുണ്ട്. കോടിക്കണത്തിന് രൂപയാണ് ഇതിനായി ചെലവഴിക്കുന്നത്. ഇതിന്റെ

യപ്പെടാത്ത പുതിയ വിനോദസഞ്ചാരകേന്ദ്രങ്ങൾ കണ്ടെത്തുകയും, അങ്ങനെ കൂടുതൽ ആഭ്യന്തര -വിദേശ ടൂറിസ്റ്റുകളെ ഇവിടേക്ക് ആകർഷിക്കുകയും ചെയ്യുന്ന പദ്ധതികളുമായി സർക്കാർ മുന്നോട്ടുപോവുകയാണ്. എന്തായാലും ഇതിനകം തന്നെ ലോകശ്രദ്ധ ആകർഷിച്ചിട്ടുള്ള നീലക്കുറിഞ്ഞിയുടെ വർണവസന്തത്തിന്റെ പശ്ചാത്തലത്തിൽ മുൻവർഷം നേടിയതിനേക്കാൾ ഇരട്ടിവളർച്ചയെങ്കിലും ഇത്തവണ ടൂറിസംരംഗത്ത് കൈവരിക്കാൻ കഴിയുമെന്നാണ് വിലയിരുത്തൽ.

## ടൂറിസം വികസനം അന്നും ഇന്നും

ലോകത്തിലെ ഏറ്റവും വലിയ വ്യവസായമായി കണക്കാക്കപ്പെടുന്ന ടൂറിസത്തിന്റെ സാധ്യതകൾ കേരളം തിരിച്ചറിഞ്ഞിട്ട് ഏതാനും പതിറ്റാണ്ടുകൾ മാത്രമേ ആയിട്ടുള്ളൂ. രണ്ടുമൂന്ന് ദശകം മുൻപുവരെ ഉത്തർപ്രദേശും രാജസ്ഥാനും ജമ്മുകാശ്മീരും ഗോവയുമൊക്കെ പോലെ കേരളത്തിലെ വിനോദസഞ്ചാരമേഖല കാര്യമായി ശ്രദ്ധിക്കപ്പെട്ടിരുന്നില്ല. സ്വാഭാവികമായും ഇവിടെത്തുന്ന സഞ്ചാരികളുടെ എണ്ണവും വളരെ കുറവായിരുന്നു. എന്നാൽ തൊണ്ണൂറുകളുടെ തുടക്കത്തിൽ 'ദൈവത്തിന്റെ സ്വന്തം നാട്' എന്ന പരസ്യവാചകവുമായി പുനരവതരിപ്പിക്കപ്പെട്ട നമ്മുടെ വിനോദസഞ്ചാരരംഗം എളുപ്പത്തിൽ ലോകശ്രദ്ധ ആകർഷിച്ചു. അങ്ങനെ, ഒരുതവണ ഇവിടെത്തിയ സഞ്ചാരികൾ വീണ്ടും വീണ്ടും വന്നു. കടലും കായലും പുഴകളും സമതലവും

**ഇന്നിപ്പോൾ വിദേശികൾ കാണാൻ ഇഷ്ടപ്പെടുന്ന ആദ്യത്തെ പത്ത് ഇന്ത്യൻ നഗരങ്ങളിൽ കൊച്ചിയും തിരുവനന്തപുരവുമുണ്ട്. ഈ രംഗത്തെ സർക്കാർ ഇടപെടലുകളിലൂടെയും നയരൂപീകരണത്തിലൂടെയുമാണ് രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസം മേഖലകളിലൊന്നായി കേരളത്തെ മാറ്റിയെടുക്കാൻ കഴിഞ്ഞത്.**

പർവ്വതവും വന്യജീവിസങ്കേതങ്ങളുമെല്ലാം ഉൾപ്പെടുന്ന കാഴ്ചകളുടെ അനന്തമായ വൈവിധ്യമായിരുന്നു ഇതിനുകാരണം. വിനോദസഞ്ചാരമേഖലയിൽ ഇത്രത്തോളം സാധ്യതയുള്ള മറ്റൊരു സംസ്ഥാനം രാജ്യത്ത് ഇല്ലെന്നുതന്നെ പറയാം. ഇത് യാത്രികർക്കും ടൂർ ഓപ്പറേറ്റർമാർക്കും ബോധ്യപ്പെടുകയും ചെയ്തു.

ഇന്നിപ്പോൾ വിദേശികൾ കാണാൻ ഇഷ്ടപ്പെടുന്ന ആദ്യത്തെ പത്ത് ഇന്ത്യൻ നഗരങ്ങളിൽ കൊച്ചിയും തിരുവനന്തപുരവുമുണ്ട്. ഈ





രംഗത്തെ സർക്കാർ ഇടപെടലുകളിലൂടെയും നയരൂപീകരണത്തിലൂടെയുമാണ് രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസം മേഖലകളിലൊന്നായി കേരളത്തെ മാറ്റിയെടുക്കാൻ കഴിഞ്ഞത്. ഇവിടുത്തെ



ഭൂപ്രകൃതിയുടെ സവിശേഷസ്വഭാവങ്ങളെ അന്താരാഷ്ട്ര ടൂറിസംവിപണിയിൽ ഫലപ്രദമായി അവതരിപ്പിക്കാൻ കേരളത്തിന് സാധിച്ചു. അവിടങ്ങളിലെ സർക്കാരുകളുമായും ടൂർ ഓപ്പറേറ്റർമാരുമായും സംയുക്തപദ്ധതികളിൽ പങ്കാളികളായതും കേരളത്തിന് നേട്ടമായി. ഇതോടൊപ്പം മറ്റു ഇന്ത്യൻ സംസ്ഥാനങ്ങളിലുള്ള സഞ്ചാരികൾക്കിടയിലും കേരളത്തെ മികച്ച രീതിയിൽ അവതരിപ്പിച്ചു. ഇതിന്റെയെല്ലാം ഫലമായാണ് ആഗോളതലത്തിൽ തന്നെ കേരളത്തിന്റെ വിനോദസഞ്ചാരരംഗം ശ്രദ്ധിക്കപ്പെട്ടത്.

ടൂറിസം വ്യവസായത്തിലൂടെ പ്രദേശവാസികൾക്കുണ്ടായ നേട്ടവും വളരെ വലുതാണ്. തദ്ദേശീയരായ നിരവധി സംരംഭകരുടെ നേതൃത്വത്തിൽ അനേകം റിസോർട്ടുകളും ഹോട്ടലുകളും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ആരംഭിച്ചു. പ്രാദേശികകൂട്ടായ്മകളുടെയും മറ്റും നേതൃത്വത്തിൽ നിർമ്മിക്കപ്പെടുന്ന കരകൗശല വസ്തുക്കളും മറ്റു ഉത്പന്നങ്ങളും നന്നായി വിറ്റുപോകുന്നുമുണ്ട്. ആറൻമുള കണ്ണാടി ഇതിന് ഉദാഹരണ

മാണ്. കാർഷികരംഗത്തും ഇതിന്റെ നേട്ടം ലഭിക്കുന്നു. മൂന്നാറിലും തേക്കടിയിലും വയനാട്ടിലുമെത്തുന്ന സഞ്ചാരികളിൽ നല്ലൊരുപങ്കും കുരുമുളകും കാപ്പിക്കുരുവും ഏലയ്ക്കയും തേയിലപ്പൊടിയും വാങ്ങിയാണ് നാട്ടിലേക്ക് മടങ്ങുന്നത്.

മുമ്പെല്ലാം ഏതെങ്കിലുമൊരു പ്രത്യേക സ്ഥലത്തിന്റെ പ്രചാരണം മാത്രമാണ് നടന്നിരുന്നതെങ്കിൽ ഇപ്പോൾ അതിനുപകരം വലിയൊരു ഭൂപ്രദേശമാകെ വിനോദസഞ്ചാരകേന്ദ്രമായി വളരുകയാണ്. ഉദാഹരണത്തിന്, തേക്കടിയും മൂന്നാറുമായിരുന്നു ഏതാനും വർഷങ്ങൾക്ക് മുൻപുവരെ ഇടുക്കിയിലെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങൾ. എന്നാൽ ഇപ്പോൾ ഇടുക്കി ജില്ലയുടെ മിക്കവാറും എല്ലാ ഭാഗത്തും സഞ്ചാരികൾക്ക് താമസിക്കാനുള്ള സൗകര്യങ്ങളുണ്ട്. ഇവിടെയെല്ലാം മോശമല്ലാത്ത ബിസിനസും നടക്കുന്നു. ഇടുക്കി എന്ന വലിയൊരു ടൂറിസ്റ്റുകേന്ദ്രത്തിന്റെ രണ്ടുഭാഗങ്ങളായി തേക്കടിയും മൂന്നാറും മാറുകയാണ്. കൊച്ചി നഗരത്തോട് ചേർന്നുകിടക്കുന്ന കുമ്പളങ്ങി, വലിയൊരു ടൂറിസം ഗ്രാമമായി മാറിയതാണ് മറ്റൊരു ഉദാഹരണം.

## ടൂറിസം രംഗത്തെ ഭാവിസാധ്യതകൾ

ഇന്നിപ്പോൾ വിനോദസഞ്ചാരരംഗത്തെ പല സാധ്യതകളും കേരളം വിനിയോഗിക്കുന്നുണ്ട്. നീലക്കുറിഞ്ഞിയും വരയാടും ചന്ദനക്കാടും മറയൂർ ശർക്കരയും ഹൗസ് ബോട്ടും പൊക്കാളി അരിയും വയനാടൻ കാപ്പിയും ആറൻമുള കണ്ണാടിയുമെല്ലാം അവതരിപ്പിക്കപ്പെടുന്നത് അങ്ങനെയാണ്. എന്നാൽ സഞ്ചാരികളുടെ കാഴ്ചപ്പാടിൽ ഉണ്ടായിട്ടുള്ള മാറ്റവും അനുകൂലമാക്കിയെടുക്കാൻ നമുക്ക് കഴിയണം. ഡെൽഹി, മുംബൈ, കൊൽക്കത്ത, കൊച്ചി എന്നിവിടങ്ങളിലെ നഗരക്കാഴ്ചകളും താജ്മഹലും കുത്തബ്മീനാറും കോവളവും മൂന്നാറും തേക്കടിയും മാത്രം തേടുന്ന വിനോദ സഞ്ചാരികൾ മാത്രമല്ല ഇപ്പോൾ എത്തുന്നത്. വൻകിട റിസോർട്ടുകളേക്കാൾ ഗ്രാമീണരുടെ വീടുകളിൽ താമസിക്കാനും കൃഷിയിടങ്ങളിലൂടെ ചുറ്റിനടക്കാനും അവിടെ പണിയെടുക്കാനും ആഗ്രഹിക്കുന്നവരുടെ എണ്ണം വർധിച്ചുവരികയാണ്. ഗ്രാമത്തിലെ ഇടവഴികളിലൂടെ മഴനനഞ്ഞ് നടക്കാനും സുഗന്ധവ്യഞ്ജനത്തോട്ടങ്ങളിൽ മണിക്കൂറുകളോളം ചെലവഴിക്കാനും നാട്ടിൻപുറത്തെ കലാരൂപങ്ങൾ കാണാനും പുഴകളിൽനിന്നും മീൻപിടിക്കാനുമെല്ലാമാണ് ഇവർക്ക് കൂടുതലിഷ്ടം.



ഗ്രാമീണതയ്ക്ക് ഊന്നൽ ലഭിക്കുന്ന ഇത്തരമൊരു സാധ്യത നമുക്കും കൂടുതൽ പ്രതീക്ഷ നൽകുന്നതാണ്. കടലും കായലും പുഴയും മലയും കാടും പാടവുമെല്ലാമുള്ള കേരളത്തിന് അതുകൊണ്ടുതന്നെ വൻനേട്ടം കൈവരിക്കാനും കഴിയും. ഇതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ഗ്രാമക്കൂട്ടായ്മകളുടെ പങ്കാളിത്തത്തോടുകൂടി പ്രാദേശികതലത്തിലുള്ള



ഗ്രാമീണടൂറിസം വിപുലമാക്കാൻ ശ്രമിക്കാം. ഇതോടെ പഞ്ചനക്ഷത്രഹോട്ടലുകളുടെയും എയർകണ്ടീഷൻ കാറുകളുടെയും ഉടമസ്ഥർക്കു മാത്രം ലഭിച്ചിരുന്ന വരുമാനം ഇനിമുതൽ കർഷകരായ ഗ്രാമീണർക്കും കാളവണ്ടിക്കാർക്കുമെല്ലാം കിട്ടും. ഇതിനകം തന്നെ ഇത്തരത്തിലുള്ള വിജയകരമായ സംരംഭങ്ങൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

വ്യത്യസ്തമായ ഭൂപ്രകൃതിയുള്ള സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും വിപുലമായ ഹോംസ്റ്റേ ശൃംഖലകൾ രൂപപ്പെടുത്തി എടുക്കാവുന്നതേയുള്ളൂ. ഫാം ടൂറിസവുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികളാണെങ്കിൽ കാർഷികമേഖലയ്ക്കും വലിയ നേട്ടമുണ്ടാകും. ഇതിനെല്ലാമുള്ള അനുകൂലസാഹചര്യം കേരളത്തിൽ ഉണ്ടെന്നുള്ളതാണ് യാഥാർത്ഥ്യം. ഇനിയിത് പരമാവധി വിനിയോഗിക്കുക മാത്രമേ ചെയ്യേണ്ടതുള്ളൂ.

ഡോ. ഷൈൻകുമാർ

# കാലി വളർത്തൽ കാലത്തിനൊത്ത്



കന്നില്ലാതെ കൃഷിക്ക് ഇറങ്ങരുത് എന്നൊരു ചൊല്ലുണ്ട്. കൃഷി ഏതായാലും അതിന്റെ ചൈതന്യം പ്രശോഭിതമാക്കുന്നതിന് ഗോവൃന്ദത്തിന്റെ പങ്ക് പ്രധാനം തന്നെ. ഒരു വീട്ടിൽ ഒരു പശു ഉണ്ടായിരുന്ന നമ്മുടെ പഴയ ഗ്രാമീണ അന്തരീക്ഷം ഇന്ന് ഏതാണ്ടൊക്കെ ഇല്ലാതായി. ഇരുപ്പതിനാല് ലക്ഷം കാലികൾ ഒരു പതിറ്റാണ്ടിന് മുമ്പ് ഉണ്ടായിരുന്ന കേരളത്തിൽ ഇന്ന് അത് പതിമൂന്ന് ലക്ഷമായി ചുരുങ്ങിയിരിക്കുന്നു. എങ്കിലും ലോകത്തിൽ ഏറ്റവുമധികം കാലികളുള്ള രാജ്യം ഇന്നും ഭാരതമാണ്.

കുടിൽ മുതൽ കൊട്ടാരം വരെ ഉപയോഗിക്കുന്ന ഉല്പന്നം എന്ന നിലയിൽ പാലിന് എന്നും ആവശ്യക്കാരുണ്ട്. വിലയൊട്ട് കുറയുന്നതുമില്ല. ആഗോള വിപണിയിലെ താളം തെറ്റലുകൾക്കനുസരിച്ച് വിലകുറയാത്ത ഉല്പന്നം എന്ന നിലയിൽ പാലധിഷ്ഠിത വ്യവസായത്തിന് വലിയ സാധ്യതകളുണ്ട്. അതുകൊണ്ടുതന്നെ ഈ മേഖലയിൽ പുതു സംരംഭകരും, കർഷകരും അനുദിനം വരുന്നുണ്ട് താനും. നാഴൂരി പാല് തന്നുകൊണ്ടിരുന്ന നാടൻ പൈക്കളൊക്കെ അന്യം നിന്ന് സങ്കര വർഗങ്ങളിലേക്ക് നമ്മൾ കുതിച്ചു ചാട്ടം നടത്തിയ ധവളവിപ്ലവം അരനൂറ്റാണ്ട് പിന്നിടുമ്പോൾ കാലി വളർത്തലും ഹൈടെക്കിലേക്ക് മാറി കർഷകർ മുന്നിടുകയാണ്.

## എണ്ണം കൂടുമ്പോൾ ലാഭമേറുന്നു

പൈക്കൾ എണ്ണത്തിൽ കൂടുമ്പോഴേക്കും ലാഭം ഏറുന്നതായാണ് കർഷകരുടെ അനുഭവം. കൂലിച്ചെലവും പ്രയത്നവുമെല്ലാം അല്പമേറിയാലും ഒരു



**പൈക്കൾ എണ്ണത്തിൽ കൂടുമ്പോഴേക്കും ലാഭം ഏറുന്നതായാണ് കർഷകരുടെ അനുഭവം. കൂലിച്ചെലവും പ്രയത്നവുമെല്ലാം അല്പമേറിയാലും ഒരു ബിസിനസ്സ് സംരംഭകമന്ന നിലയിൽ അനേകം പൈക്കൾ തന്നെ മെച്ചം. ഒരു മിശ്രിതമാണ് ഫാമിന് എപ്പോഴും നല്ലത്.**

ബിസിനസ്സ് സംരംഭകമന്ന നിലയിൽ അനേകം പൈക്കൾ തന്നെ മെച്ചം. ഒരു മിശ്രിതമാണ് ഫാമിന് എപ്പോഴും നല്ലത്. മൂന്നിലൊന്നോളം പൈക്കൾ ജഴ്സി രക്തവും, മൂന്നിലൊന്നോളം ഹോൾസ്റ്റെയിൻ ഫ്രീസിയൻ ഇനവും ബാക്കി കേരള കാലാവസ്ഥയ്ക്ക് ഇണങ്ങിയ സുനന്ദിനിയുമാണ് നല്ലത്. പകുതിയോളം പൈക്കൾ എപ്പോഴും ഗർഭാവസ്ഥയിൽ നിന്നാലെ ഫാം ലാഭകകരമായി കൊണ്ടുപോകാൻ കഴിയൂ. കറവയുള്ള പൈക്കൾ എപ്പോഴും പകുതിയോളം വേണമെന്നർത്ഥം.

## ദ്വാരകാതുല്യം കൂടാരം

പണ്ടത്തെപ്പോലെയല്ല ഹൈടെക് സൗകര്യങ്ങളാണ് ഇന്നത്തെ പൈക്കൾക്ക് വേണ്ടത്. ക്ലേശങ്ങൾ തീരെക്കുറഞ്ഞ ഒരു ഫാമിംഗ് സംവിധാനം വേണം. വലിയ ഫാമുകളിൽ ഒരടി വീതിയുള്ള ഐ സെക്ഷനുകളിൽ മേൽക്കൂര ഉയർത്താം. വെയിലിന്റെ വീറിനെ തടയാൻ അലുമിനിയം ഷീറ്റാണ് നല്ലത്. ഉഷ്ണവായു മുകളിലേക്ക് പോകാൻ റൂഫ് മോണിറ്റർ സംവിധാനം ഏർപെടുത്താം. ഉഷ്ണവായുവും ഉച്ഛ്വാസവായുവും പുറം തള്ളുവാൻ ശക്തമായ വായുപ്രവാഹം മേൽക്കൂരയ്ക്ക് താഴെയുണ്ടാക്കുന്ന ഡയറി ഫാനുകൾ

ഘടിപ്പിക്കാം. ആർദ്രത അളന്ന് സ്വയം പ്രവർത്തിക്കുന്ന ഹ്യുമിഡിറ്റി മീറ്ററിന്റെ സഹായത്തോടെ മഞ്ഞ് കണങ്ങൾ ഉഷ്ണ സമയത്ത് പുറത്തുവിടുന്ന മിസ്റ്റ് സ്പ്രെയറും ഇപ്പോൾ നിലവിലുണ്ട്. വെള്ളം കുടിക്കുവാൻ മുന്നിൽ പുഴയൊഴുകിയെത്തുന്ന വാട്ടർ ട്രഫുകളും ഇപ്പോൾ പ്രചാരത്തിലുണ്ട്. ഹൈടെക് ഫാമുകളിൽ മിൽക്ക് പാർലർ സജ്ജീകരിക്കുവാൻ ഇപ്പോൾ സാധാരണ കർഷകരും മുന്നോട്ട് വന്നിട്ടുണ്ട്. പൂർണമായും വിദേശ സാങ്കേതികതയുള്ള ഈ സംവിധാനം ഇപ്പോൾ കേരളത്തിൽ നിർമ്മിച്ചു നൽകുന്ന ഏജൻസികളുണ്ട്. കറവയ്ക്കായി പൈക്കളെ മീൻമുള്ളിന്റെ ആകൃതിയിലുള്ള ഹെറിംഗ് ബോൺ പാർലറിലേക്ക് കയറ്റും. പൈക്കൾ എത്രയോ ആകട്ടെ, മൃദുവായ ജലപ്രവാഹത്തിൽ അകിടുകൾ കഴുകുവാനും, കറവ യന്ത്രങ്ങളുടെ ക്ലസ്റ്ററുകൾ അകിടിലേക്ക് ഘടിപ്പിക്കുവാനുമൊക്കെ ഒരാളുടെ സഹായം മാത്രം മതി. ഒരേ സമയം പതിനാറോളം പൈക്കളെ കറക്കുവാൻ സൗകര്യമുള്ള പാർലറുകൾ വരെയുണ്ട്.

## സെൻസർ എന്ന ആധാർ– അനങ്ങിയാൽ അറിയുന്ന ട്രാൻസ്പോണ്ടർ

ഹൈടെകിൽ എല്ലാം നിയന്ത്രിക്കുന്നത് ഉയരത്തിൽ വച്ചിരിക്കുന്ന ആന്റിനയാണ്. ആന്റിനയിൽ നിന്നും പൈക്കളുടെ



ചെറുചലനങ്ങൾ പോലും ഓഫീസിൽ വച്ചിരിക്കുന്ന റിസീവറുകൾ ശേഖരിക്കുന്നു. ആന്റിനയിലേക്ക് ഈ സന്ദേശങ്ങൾ പായിക്കുന്നത് ഓരോ പൈയും കഴുത്തിലണിഞ്ഞിരിക്കുന്ന ഐ. ഡി. സെൻസറാണ്. സെൻസർ എന്നാൽ പൈക്കളുടെ ആധാർ തന്നെയാണ്. അവർ എവിടെയെത്തിയാലും ആ നമ്പരും വിവരങ്ങളും സെൻസറിലൂടെ അറിയാനാവും.



ഇതുകൂടാതെ മേനിയുമായി ഒരു ട്രാൻസ്പോണ്ടർ ബന്ധിപ്പിച്ചിട്ടുണ്ട്. ട്രാൻസ്പോണ്ടറിലൂടെ പൈക്കളുടെ ചെറുചലനങ്ങളും കൂടിയതും കുറഞ്ഞതുമായ ക്രിയകളുമൊക്കെ നോക്കി ആരോഗ്യനിർണയം നടത്താം. സ്വീഡൻ നിർമ്മിതമായ ഈ സാങ്കേതികവിദ്യ ഇപ്പോൾ ചെറു ഹൈടെക് ഫാമുകൾ പോലും ഉപയോഗിക്കുന്നു. പൈക്കൾ മദിയിലാണോ, രോഗങ്ങളുണ്ടോ എന്നിവയുമൊക്കെ ഓഫീസ് റൂമിലെ കമ്പ്യൂട്ടർ ഡിസ്പ്ലേയിൽ ആക്ടിവിറ്റി ചാർട്ട് നോക്കി കണ്ടുപിടിക്കാം.

## തീറ്റ ഇനി ടി. എം. ആർ

ഹൈടെക് ഫാമിൽ തീറ്റ എന്നല്ല പറയുന്നത്. ടോട്ടൽ മിക്സ്ഡ് റേഷൻ എന്നാണ്. സാന്ദ്രീകൃത തീറ്റയും, ധാതുലവണ മിശ്രിതങ്ങളും, പുൽത്തുണ്ടുമൊക്കെ ചേർന്ന സമീകൃതാഹാരമാണിത്. ഇതിനായി ചോളവും, സി ഒ-5 എന്നീ പുല്ലിനങ്ങളും ഫാമിൽ തന്നെ വളർത്താം. സോയാപ്പിണ്ണാക്ക്, ചോളപ്പൊടി, ഗോതമ്പ് തവിട്, വൈക്കോൽ, ബേക്കിംഗ് സോഡ, കാൽസ്യം കാർബണേറ്റ്, ധാതുലവണ മിശ്രിതങ്ങൾ, ബൈപാസ് ഫാറ്റ്, യീസ്റ്റ്, ഇന്തുപ്പ് ഇവയൊക്കെയും ചേർത്താണ് ടി. എം. ആർ ഉണ്ടാക്കുക.

## പാലും ഉല്പന്നങ്ങളും

പാൽ മാത്രം വിറ്റു ലാഭം നേടാമെന്നത് ഇന്നിപ്പോൾ ഒരു പഴങ്കഥയാണ്. അത്രമേലുണ്ട് കൂലിച്ചെലവും, പരിപാലന ചെലവും. ആളുകൾ കുറവും പൈക്കൾ കൂടുതലും എന്നതാണ് ഹൈടെകിന്റെ സാങ്കേതിക മേന്മ. 10 മുതൽ 50 രൂപ വരെ വിലയുണ്ട് ഇപ്പോൾ ഹൈടെകിലെ പാലിന്. രാവിലത്തെ പാൽ വിപണനത്തിന് ശേഷം ഉച്ചനേരത്തെ പാൽ ഉല്പന്നങ്ങളാക്കി മാറ്റുന്നതാണ് ലാഭം. കറന്നെടുത്ത പാൽ ചൂടാക്കി ക്രീം സെപ്പറേറ്ററിലൂടെ കയറ്റിവിട്ടാൽ നെയ് വേർതിരിക്കാം. തുടർന്ന് നെയ് നീക്കിയ പാൽ വെള്ളത്തിൽ വെച്ച് ചൂടാക്കി വീണ്ടും തണുത്ത വെള്ളത്തിൽ തണുപ്പിച്ച് 42 ഡിഗ്രി താപനിലയിൽ ഉറയൊഴിച്ചാൽ കട്ടത്തൈര് ഉണ്ടാക്കാം. സാധാരണ തൈരിനേക്കാൾ ലിറ്ററിന് 10 രൂപ അധികം നേടാം. തൈര് കടഞ്ഞ് വെണ്ണയുണ്ടാക്കിയാൽ നെയ്യിനേക്കാൾ വില



**പുല്ലിനോടൊപ്പം പയറുവർഗ ചെടികളും കൃഷിയിൽ സന്നിവേശിപ്പിക്കാം. ഉയർന്ന പോഷക മൂല്യമുള്ള പയറുവർഗ്ഗ വിളയായ സ്റ്റൈലോ സാന്തസ് ആവരണ വിളയായ സെൻട്രോ സീമ, പീലിവാക എന്നിവ നട്ടുപിടിപ്പിക്കാം.**

കിട്ടും. തൈര് കടഞ്ഞ് മിച്ചം വരുന്ന പാൽ സംഭാരമാക്കാം. ശുദ്ധമായ പശുവിൻപാൽ ഉണക്ക ഏലക്കപ്പൊടിയും പഞ്ചസാരയും ചേർത്ത് സമ്പുഷ്ടമാക്കി സിപ് അപ് നിർമിച്ച് വൻലാഭം നേടുന്ന ധാരാളം യൂണിറ്റുകൾ കേരളത്തിലുണ്ട്. ചാണകം മറ്റൊരു ഉല്പന്നമാണ്. ഉണ്ട പിടിച്ച് ഉണക്കി കവറിലാക്കി പൂച്ചെടികൾക്ക് വളമായി വിൽക്കാം. ദോശ ആകൃതിയിൽ പരത്തി ചാണക വറളിയോ, മൺകലത്തിൽ നെൽപ്പതിരിന് മുകളിൽ ചൂടാക്കി ഭസ്മമോ നിർമ്മിക്കാം.

## പുൽനാമ്പുകൾ പാൽത്തുള്ളികൾ

ഫാം ഹൈടെക് ആയാലും തീറ്റച്ചെലവ് ലഘൂകരിക്കാൻ അനുബന്ധ ഘടകങ്ങൾ ഒരുക്കുക എന്നതാണ് പ്രധാനം. അതിൽപ്രധാനം പുൽക്കൃഷി തന്നെ. ഒരു പശുവിന് ഒരു സെന്റിലെ പുല്ല് ആഹാരമായി വേണം. 15–.൦൦ പക്കമാണ് മിക്ക പുല്ലിനങ്ങളും കൊയ്ത്ത്. പ്രധാന പുല്ലിനങ്ങൾ പലതും മൂന്ന് വർഷം വരെയേ വിള തരൂ. ഇത് കണക്കിലെടുത്ത് മൂന്നാം വർഷം ലക്ഷ്യമാക്കി പുതിയ തോട്ടം നിർമിക്കണം. തെങ്ങിൻ തോപ്പിൽ ഇടവിളയായോ, ചതുപ്പ് നിലത്തോ, കരഭൂമിയിലോ ഊർജ്ജിതമായി പുൽക്കൃഷി ചെയ്തേ തീരൂ. നേപ്പിയർ, സങ്കര നേപ്പിയർ, പാരാപ്പുല്ല്, ഗിനി പുല്ല്, കോസോ സിഗ്നൽ എന്നിവയൊക്കെയാണ് ഫാമുകൾക്ക് യോജിച്ച പുല്ലുകൾ. പുല്ലിനോടൊപ്പം പയറുവർഗ ചെടികളും കൃഷിയിൽ സന്നിവേശിപ്പിക്കാം. ഉയർന്ന പോഷക മൂല്യമുള്ള പയറുവർഗ്ഗ വിളയായ സ്റ്റൈലോ സാന്തസ് ആവരണ വിളയായ സെൻട്രോ സീമ, പീലിവാക എന്നിവ നട്ടുപിടിപ്പിക്കാം.

## സൈലേജും, വൈക്കോലും പ്രധാനം

ഫാം പ്രവർത്തനങ്ങൾ ഒരു തുടർച്ചയാണ്. അത് നടത്തിക്കൊണ്ടു പോകാൻ സഹായിക്കുന്ന ഉപാധികൾ ഒരിക്കലും അസ്തമിക്കാതെ നോക്കണം. പുല്ല് കനം

കുറഞ്ഞ ധാന്യച്ചെടികൾ, വൻപയർ ചെടികൾ എന്നിവ ഉണക്കി ഹേ ആക്കാം.

പുഷ്പിക്കുന്നതിന് തൊട്ടുമുമ്പോ, പുഷ്പിച്ച് തുടങ്ങുമ്പോഴോ അരിഞ്ഞെടുത്ത് ഉണക്കാം.

പച്ചപ്പുല്ല് ദീർഘകാലം കേടുകൂടാതെ സൂക്ഷിക്കുവാൻ അവയെ സൈലേജ് ആക്കി മാറ്റാം. ഇതിനായി ടവർ സൈലോകൾ ഹൈടെക് ഫാമുകളിൽ നിർബന്ധമാക്കാം. 3.5 mtr x 1.5 mtr x 2.5 mtr സൈലോപിറ്റ് ഇതിനായി വേണം. കുഴിയുടെ നാല് വശവും ഇഷ്ടിക കൊണ്ട് കെട്ടി സിമന്റ് പൂശാം. അടിവശത്ത് ഒരു വശത്തേക്ക് ചരിവും, അവിടെ നീളത്തിൽ പുറത്തേക്ക് വാർന്നുപോകുന്ന ചാലും വേണം. ഒരു ടൺ പുല്ലിന് 30 കി. ഗ്രാം ധാന്യപ്പൊടി, ഉപ്പ് എന്നിവ ചേർക്കണം. ശർക്കരപാനി ചേർത്ത് നിറച്ച വായു അകത്ത് കടക്കാതെ ചവിട്ടി അമർത്താം. പുല്ല് നന്നായി അമർത്തി തറ നിരപ്പിൽ നിന്നും ഒരടി ഉയരത്തിൽ പിറ്റിൽ നിറച്ച ശേഷം മുകളിൽ വൈക്കോലിട്ട് മൂടണം. പോളിത്തീൻ ഷീറ്റുകളും ഇതിനായി ഉപയോഗിക്കാം. അതിന് മുകളിൽ മണ്ണ് കുഴച്ച് അരയടി കനത്തിൽ മൂടി ചാണകം മെഴുകി ഉറപ്പിക്കാം. രണ്ട് മാസം കഴിഞ്ഞാൽ സൈലേജ് ഉപയോഗിക്കാം. പ്രാണവായുവിന്റെ അസാന്നിധ്യത്തിൽ വളരുന്ന അണുക്കളുടെ പ്രവർത്തനഫലമായി സസ്യങ്ങളിലടങ്ങിയ ധാന്യങ്ങളിൽ നിന്നുണ്ടാകുന്ന ലാക്ടിക് അമ്ലമാണ് സൈലേജിനെ കേടുകൂടാതെ സൂക്ഷിക്കുന്നത്. ഒരു വർഷം വരെ സൈലേജ് കേടുകൂടാതെയിരിക്കും. 15–20 കി. ഗ്രാം വരെ ഒരു സമയത്ത് നൽകാം. പുല്ലിന് ക്ഷാമമുള്ള വേനൽക്കാലത്ത് സൈലേജ് ഒരു അനുഗ്രഹമാണ്.






സനൽകുമാരപ്പണിക്കർ

# മാന്നാറിലെ ചെമ്പുപാത്ര നിർമ്മാണം

മൂന്നാറിന്റെ ലോഹമഹിമ ലോകമെമ്പാടും എത്തിച്ചതിൽ വിശ്വകർമ്മ സമൂഹത്തിന്റെ പങ്ക് നിസ്തുലവും വിവരണാതീതവുമാണ്. കരവിരുതിന്റെയും മന:സാന്നിധ്യത്തിന്റെയും കൈയൊപ്പ് പതിഞ്ഞ മേഖലകളിൽ ഒന്നായിരുന്നു ചെമ്പു പാത്രങ്ങളുടെ നിർമാണം. യന്ത്രവത്കരണത്തിന്റെ ആവിർഭാവത്തോടെയാണ് പൂർണമായും മനുഷ്യശേഷി മാത്രം വിനിയോഗിച്ചു കൊണ്ടിരുന്ന നിർമാണ മേഖലയിൽ മാന്ദ്യം സംഭവിച്ചു തുടങ്ങിയത്. ചെലവ്- ഭാരം- വില എന്നിവ കുറഞ്ഞ അലുമിനിയം, അലോയി ഉത്പന്നങ്ങളുടെ കടന്നുവരവോടെയാണ് ചെമ്പു തകിടുകൾ ഉപയോഗിച്ചുള്ള നിത്യ ഉപയോഗത്തിനുതകുന്നതും അല്ലാത്തതുമായ പാത്രങ്ങളുടെ നിർമാണം നിലയ്ക്കുവാനിടയാക്കി ത്തീർത്തത്.

ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട വിവിധങ്ങളായ പ്രവർത്തനങ്ങൾക്ക് മാത്രമാണിപ്പോൾ പണിക്കാർ ചെമ്പ് ഉപയോഗിക്കുന്നത്. ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ താലൂക്കിൽ പെട്ട മാന്നാർ എന്ന കൊച്ചുഗ്രാമം ഒട്ടേറെ വൈവിധ്യങ്ങളാൽ ചിരപ്രതിഷ്ഠ നേടിയതാണ്. മാന്നാർ ഓട്ടുപാത്രനിർമാണ മേഖലയിലൂടെയാണ് ലോകം മുഴുവൻ പ്രസിദ്ധിയാർജ്ജിച്ചത്. നാട്ടിൽ പണ്ടുകാലത്ത് മാന്നാറിലെ വിശ്വകർമജരാൽ നിർമിക്കപ്പെട്ടിരുന്ന ചെമ്പ് പാത്രങ്ങൾക്കും വ്യാവസായിക അടിസ്ഥാനത്തിൽ വൻപ്രാധാന്യമാണ് ഉണ്ടായിരുന്നത്. ചിന്തയും മന:സാന്നിധ്യവും ബുദ്ധിയും ആശയങ്ങളും ഒരേസമയം ഒരുപോലെ സംയോജിപ്പിക്കേണ്ട പ്രധാനപ്പെട്ട ഒരു കൈത്തൊഴിൽ വേലയാണിത്. മരക്കരി ഒലയിലിട്ട് വിളക്കിപ്പൊടി ചേർത്താണ് ചെമ്പിന്റെ വിവിധ ഭാഗങ്ങൾ തമ്മിൽ







കൂട്ടിയോജിപ്പിക്കുന്നത്. നവസാരം ഉപയോഗിച്ചുള്ള ഈയം പൂശൽ പ്രക്രിയയിലൂടെ നിരവധി പേരാണ് ആസ്മ രോഗ ബാധിതരാക്കി മാറ്റിയിരുന്നത്. 15 കൊല്ലം മുമ്പ് വരെ കൊരട്ടിക്കാട് മാന്നാർ പ്രദേശങ്ങളിലെ വീടുകൾ കേന്ദ്രീകരിച്ചും, കടകളിലുമായി ഏകദേശം 200 ഓളം തൊഴിലാളികളാണ് ഈ രംഗത്ത് പണിയെടുത്തു കൊണ്ടിരുന്നത്. കാഴ്ചക്കാരെ ആകർഷിക്കുന്നതിനും ഉല്പന്നത്തിന്റെ വിപണനവും ലക്ഷ്യമിട്ട്, വഴിയാത്രക്കാർ ഉൾപെടെയുള്ളവർക്ക് കാണുന്ന വിധത്തിലായിരുന്നു വ്യാപാര സ്ഥാപനങ്ങളോട് ചേർന്ന് ആലകൾ അന്ന് (പണിശാലകൾ) പ്രവർത്തിപ്പിച്ചിരുന്നത്. പല വലിപ്പത്തിലുള്ള ചെമ്പ് സർക്കിൾ ഉപയോഗിച്ചും 4 * 4 സൈസിലുള്ളതും 16 * 48 അങ്ങനെ പല അളവിലുള്ള തകിടു വെട്ടി പല വിധത്തിലുള്ള വീട്ടുപയോഗങ്ങൾക്കാവശ്യമായ ചെമ്പു പാത്രങ്ങൾ നിർമിക്കുന്നതിൽ അതിവിദഗ്ധന്മാർ ആയിരുന്നു മാന്നാറിലെ വിശ്വകർമജർ.

വെള്ളം കോരുന്നതിനാവശ്യമായ ചെമ്പു കുടം, അരി പാചകം ചെയ്യുന്ന കലം, ആയുർവേദ ഔഷധങ്ങളായ കഷായങ്ങൾ തയ്യാർ ചെയ്യുന്ന 100 മുതൽ 500 ലിറ്റർ വരെയുള്ള വലിയ കലങ്ങൾ മൊന്ത, ചെമ്പ് ചരുവം, നെല്ല് പുഴുങ്ങാൻ ഉപയോഗിക്കുന്ന കുട്ടകം, വട്ട ച്ചെമ്പ്, വിവാഹ ആവശ്യങ്ങൾക്കായുള്ള അരി, സാമ്പാർ, പായസങ്ങൾ എന്നിവ പാകം ചെയ്യുന്നതിനും ചെമ്പ് ഉപയോഗിച്ചിരുന്നു. കൂടാതെ വീട്ടാവശ്യങ്ങൾക്കാവശ്യമായ ഏതു സാധനവും ചെമ്പുതകിടിൽ നിർമാണം നടന്നുകൊണ്ടിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. അന്ന് മാന്നാറിൽ നിർമിക്കുന്ന പാത്രങ്ങൾക്ക് എവിടെയും നല്ല മൂല്യമുണ്ടായിരുന്നു. അലുമിനിയം സ്റ്റീൽ പാത്രങ്ങളുടെ കടന്നു വരവോടുകൂടി ചെമ്പു പാത്രങ്ങളുടെ ഡിമാന്റ് കുത്തനെ ഇടിഞ്ഞു. അലുമിനിയം/ സ്റ്റീൽ എന്നിവയേക്കാൾ ഭാരക്കൂടുതലും വില കൂടുതലും ആയതിനാൽ ഈ ലോഹ നിർമിതമായ അടുക്കളയിൽ/ പാചകപ്പുര എന്നിവിടങ്ങളിൽ നിന്നും വൈദ്യശാലകളിൽ നിന്നും പടിയിറങ്ങി. ഇതോടെ ചെമ്പു പാത്രങ്ങൾ നിർമിച്ചിരുന്ന ആളുകൾ മറ്റു തൊഴിൽ മേഖലകളിലേക്ക് ചേക്കേറി. ഇപ്പോഴും ആയുർവേദ ചികിത്സയിലെ ഒഴിച്ചുകൂടാനാവാത്ത ധാരയ്ക്ക് ആവശ്യമായ പാത്രങ്ങൾ മാന്നാറിൽ നിർമിക്കുന്നുണ്ട്. ചെമ്പുപാത്രങ്ങൾക്ക് വേണ്ടത്ര പ്രചാരമില്ലെങ്കിലും ക്ഷേത്രസംബന്ധമായ ആവശ്യങ്ങൾക്ക് ചെമ്പ് ഉപയോഗിക്കുന്നു. കൊടിമരങ്ങൾ (ധ്വജസ്തംഭം) ക്ഷേത്രമേൽക്കൂര, ചെമ്പു പാളികൾ ഉപയോഗിച്ച് പാകുന്നു. കൂടാതെ സ്തൂപിക അല്ലെങ്കിൽ താഴികക്കുടങ്ങൾ, കലശക്കുടങ്ങൾ ചെമ്പുപയോഗിച്ച് നിർമിക്കുന്നതിലും മാന്നാറിലെ വിശ്വകർമജർ മുടിചൂടാ മന്നൻമാരാണ്. കേരളത്തിനകത്തും പുറത്തും കടൽ കടന്ന് വിദേശ രാജ്യങ്ങളിൽ വരെ മാന്നാറു കാരുടെ വൈദഗ്ധ്യം തെളിയിച്ചിട്ടുണ്ട്. നൂറിൽ പരം ആളുകൾ ഈ വേലകളിൽ വ്യാപൃതരാണ്. വലിയ ബിരിയാണി ചെമ്പുകൾ യാഥാർത്ഥ്യമാക്കി ചരിത്രത്തിൽ ഇടം നേടിയിട്ടുള്ളതും ഇവിടെയുള്ളവരാണ്.

ചെമ്പ്- പിത്തള- വെള്ളി- സ്വർണ്ണം എന്നിവയിൽ ദേവീ- ദേവൻമാരുടെ അങ്കി രൂപപ്പെടുത്തിയെടുക്കുന്നതിൽ അഗ്രഗണ്യമായ പ്രാവീണ്യമാണിവിടെയുള്ളവർക്ക്. ചെമ്പ് ഷീറ്റുകളിൽ മനോഹരമായ കൊത്തുപണികൾ വലിയ വലിയ ആഡംബര ഹോട്ടലുകളിലും- വീടുകളിലും- തൂണുകൾ ചെമ്പ് തകിട് ഉപയോഗിച്ച് മനോഹരമായ രീതിയിൽ ചിത്രപ്പണികളും ചെയ്യാനും വിദഗ്ദ്ധരായ തൊഴിലാളികൾ ഇവിടെ നിന്നും രാജ്യത്തിനകത്തും പുറത്തും പോയി തങ്ങളുടെ ഈ രംഗത്തെ തൊഴിൽ വൈദഗ്ധ്യം തെളിയിച്ചിട്ടുണ്ട്.

എന്തായാലും മാന്നാറിൽ നിർമിക്കുന്ന ലോഹ നിർമിതമായ വസ്തുക്കൾക്കെല്ലാം പിന്നിൽ മാന്നാറിന്റെ തനതു ശില്പികളുടെ കയ്യൊപ്പ് പതിഞ്ഞിരിക്കും. ഉയരങ്ങളിലേക്ക് മാന്നാറിന്റെ യശസ്സ് ലോഹ മഹിമ ഉയർത്താൻ മാന്നാറിലെ വിശ്വകർമ്മജർക്ക് എന്നും എപ്പോഴും കഴിയുന്നുണ്ട്. കേരള സർക്കാർ മാന്നാറിനെ പൈതൃക ഗ്രാമ പദ്ധതിയിൽ ഉൾപെടുത്തിയതോടെ പരമ്പരാഗത കൈത്തൊഴിൽ വ്യവസായ മേഖലയ്ക്ക് ഉണർവേകുമെന്നുള്ള പ്രത്യാശയിലാണ് എല്ലാവരും.

# ഡിജിറ്റൽ ഇന്ത്യ-

## സേവനങ്ങൾക്കും സംരംഭകത്വത്തിനും ഇനി പുതുമുഖം

മാറുകയാണ് ഇന്ത്യ. നാമറിയാതെ തന്നെ നാമേവരും ഈ മാറ്റത്തിന്റെ ഭാഗമാവുന്നുണ്ട്. വിവര സാങ്കേതിക വിദ്യയുടെ വ്യാപനത്തോടെ തൊഴിലിടങ്ങളും സംരംഭകത്വവുമെല്ലാം പുനർ നിർവ്വചിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഒപ്പം പൊതു ജനങ്ങൾക്കേവർക്കും സഹായകരമായ വിധത്തിൽ സർക്കാർ സേവനങ്ങൾ വിരൽത്തുമ്പുകളിലേക്കെത്തുന്നു. ഇപ്പോൾത്തന്നെ നാമെല്ലാം ഈ മാറ്റത്തിന്റെ ഭാഗമായും ഗുണഭോക്താക്കളായും മാറിയിട്ടുണ്ട്. ഇനിയും അതി വിപുലമായ സൗകര്യങ്ങൾ വരാനിരിക്കുന്നു. ഒപ്പം തൊഴിലവസരങ്ങളും. എന്നാൽ കാലഘട്ടത്തിന്റെ മാറ്റങ്ങൾ തിരിച്ചറിഞ്ഞ് നാം ചുവടു വെക്കുവാൻ തയ്യാറായെങ്കിൽ മാത്രമേ ഇനിയുള്ള കാലഘട്ടത്തിൽ നമുക്ക് പിടിച്ചു നിൽക്കുവാൻ കഴിയുകയുള്ളൂ. പഠനശേഷം ഏതെങ്കിലുമൊരു സർക്കാർ ജോലിയെന്ന സ്ഥിരം സമവാക്യത്തിൽ നിന്നും പുറത്ത് ചാടുവാനും മാറി ചിന്തിക്കുവാനും തയ്യാറാണെങ്കിൽ മാത്രമേ മത്സരാധിഷ്ടിത കാലഘട്ടത്തിൽ യുവതലമുറക്ക് നിലനില്പുള്ളുവെന്ന യാഥാർത്ഥ്യം നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

### എന്താണ് ഡിജിറ്റൽ ഇന്ത്യ

രാജ്യത്തെ ജനങ്ങളെ ഇലക്ട്രോണിക് ഓൺലൈൻ മാധ്യമങ്ങളുടെ ഗുണഫലം കൊയ്യുന്നതിൽ ശാക്തീകരിക്കുന്നതിനും രാജ്യവ്യാപകമായി ഡിജിറ്റൽ സാങ്കേതികവിദ്യയുടെ അടിസ്ഥാന സൗകര്യം സൃഷ്ടിക്കുന്നതിനും വേണ്ടിയുള്ള ഒരു ഇന്ത്യ ഗവൺമെന്റ് പദ്ധതിയാണ് ഡിജിറ്റൽ ഇന്ത്യ പ്രോഗ്രാം. ഇന്ത്യയിൽ എല്ലായിടത്തും എല്ലാവരിലേക്കും ഇന്റർനെറ്റ് സൗകര്യം എത്തിക്കുകയും ഡിജിറ്റൽ സാക്ഷരത ഉറപ്പുവരുത്തുകയും ചെയ്യുന്നതിനുള്ള സർക്കാർ പദ്ധതിയാണ് ഇത്. രാജ്യത്തെ എല്ലാ പഞ്ചായത്തുകളിലും ബ്രോഡ്ബാന്റ് കണക്ഷനും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വൈ-ഫൈ സംവിധാനവും ഏർപ്പെടുത്താനുദ്ദേശിക്കുന്ന പദ്ധതി, നിലവിൽ വരുന്നതോടെ പുതുതായി പതിനെട്ടു ലക്ഷത്തോളം തൊഴിലവസരങ്ങളുണ്ടാകുമെന്ന് വിലയിരുത്തപ്പെടുന്നു. 2019-ഓടെ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്ന പദ്ധതി ഐ. ടി മേഖലയിൽ നാലര ലക്ഷം കോടി രൂപയുടെ

നിക്ഷേപം നേടിത്തരുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിയുടെ ആരംഭമായി 2015 ജൂലൈ 1 ന് ഡിജിറ്റൽ ഇന്ത്യ വാരാഘോഷം പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. ഡിജിറ്റൽ ഇന്ത്യ പദ്ധതിയുടെ ബ്രാന്റ് അംബാസഡറായി ഐ. ഐ. ടി. ജെ. ഇ. ഇ പൊതുപരീക്ഷയിൽ പെൺകുട്ടികളിൽ നിന്ന് ഒന്നാമതെത്തിയ ഇൻഡോർ സ്വദേശി കൃതി തിവാരി നിയമിക്കപ്പെട്ടു.

ഇലക്ട്രോണിക്സ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി വകുപ്പാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ആശയവിനിമയ, ഐ ടി വകുപ്പുകൾ, ഗ്രാമവികസന മന്ത്രാലയം, മനുഷ്യവിഭവശേഷി മന്ത്രാലയം, ആരോഗ്യ മന്ത്രാലയം തുടങ്ങിയവയെ എല്ലാം ബാധിക്കുന്നതാണ് ഈ പദ്ധതി. ഈ പരിപാടി എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും പ്രയോജനകരമാകുന്നതാണ്. നിലവിലുള്ള/ ഇ-ഗവേണൻസ് പദ്ധതികൾ ഡിജിറ്റൽ ഇന്ത്യയുമായി സംയോജിപ്പിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. പൗരന്മാർക്ക് സർക്കാർ സേവനങ്ങൾ ലഭ്യമാണെന്ന് ഉറപ്പാക്കുമെന്നതാണ് ഈ പദ്ധതിയുടെ ഗുണം.

## എന്താണ് ലക്ഷ്യങ്ങൾ

1. എല്ലാ സ്കൂളുകളിലും സർവകലാശാലകളിലും ബ്രോഡ്ബാന്റ് കണക്ഷൻ. ഒപ്പം രാജ്യത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും പൗരന്മാർക്ക് ഹൈ സ്പീഡ് ഇന്റർനെറ്റ് സർവീസ് പ്രദാനം ചെയ്യുക. ഓരോരുത്തർക്കും ബാങ്ക് അക്കൗണ്ട്, സുരക്ഷിതവും ഭദ്രവുമായ സൈബർ സ്പേസ് ഒരുക്കുക.

2. രാജ്യത്ത് കർഷകർ, ദരിദ്രർ തുടങ്ങി എല്ലാവർക്കും ഇ-ഗവേണൻസും ഇ-കൊമേഴ്സും ഉൾപെടെ എല്ലാ ഇന്റർനെറ്റ് സേവനങ്ങളുമെത്തിക്കുക. എല്ലാ ജനങ്ങൾക്കും ഉപകാരപ്രദവും സൗകര്യപ്രദവുമായ രീതിയിൽ ഗവൺമെന്റ് സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുക. ക്രിവിക്രയങ്ങൾ ഇലക്ട്രോണിക് സംവിധാനത്തിൽ കൂടി കൂടുതൽ സുഗമമാക്കുക.

3. സാധാരണക്കാരിലെ ഡിജിറ്റൽ ശാക്തീകരണമാണ് ഏറ്റവും പ്രധാന ലക്ഷ്യം. സാധാരണക്കാരെ ഡിജിറ്റൽ ലോകത്ത് സാക്ഷരരാക്കി. ഡിജിറ്റൽ വിഭവങ്ങൾ കൂടുതൽ പ്രാപ്യമാക്കുക. സേവനങ്ങൾ എല്ലാം തന്നെ ഇന്ത്യൻ ഭാഷകളിൽ ലഭ്യമാക്കി കൂടുതൽ ജനപങ്കാളിത്തം ലാക്കാക്കുക.

4. മൊബൈൽ കണക്ഷൻ: 2018 നകം രാജ്യത്തിന്റെ എല്ലാ കോണിലും അതായത് 44,000 ഗ്രാമങ്ങളിൽ എളുപ്പത്തിൽ മൊബൈൽ കണക്ഷൻ ലഭ്യമാക്കാനുള്ള പദ്ധതി ഗവൺമെന്റ് ആവിഷ്കരിച്ചു കഴിഞ്ഞു.

5. ഇ ഗവേണൻസ്: ഗവൺമെന്റ് പ്രക്രിയകൾ കൂടുതൽ മെച്ചപ്പെടുത്തി കാര്യക്ഷമവും എളുപ്പവുമാക്കി ഗവൺമെന്റ സേവനങ്ങൾ





ജനങ്ങൾക്ക് നിഷ്പ്രയാസം ലഭ്യമാക്കാൻ യു. ഐ. ഡി. എ. ഐ, പേയ്മെന്റ് ഗേറ്റ്‌വേ, ഇ. ഡി. ഐ, മൊബൈൽ പ്ലാറ്റ്ഫോം പ്ലാൻ ചെയ്യുന്നു. ഉദാഹരണത്തിന് സ്കൂൾ സർട്ടിഫിക്കറ്റ്, വോട്ടർ ഐ. ഡി. കാർഡ് തുടങ്ങിയവ ഓൺലൈൻ ആയി ലഭ്യമാകും. സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് സഹായം നൽകുക.

6. ഐ. ടി. ഉൽപന്നങ്ങളുടെ ഇറക്കുമതി കുറച്ചു ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കുക.

7. മികച്ച സൈബർ സുരക്ഷാ സംവിധാനങ്ങൾ വികസിപ്പിക്കുക.

8. ഗ്ലോബൽ ഇൻഫർമേഷൻ: വിവരങ്ങൾ ഓൺലൈൻ ആയി ലഭ്യമാക്കാനും സോഷ്യൽ മീഡിയ പ്ലാറ്റ് ഫോം ഗവേണൻസിനു ഉപയോഗിക്കാനും അതുവഴി സാധാരണക്കാർക്ക് വിവരങ്ങൾ ലഭയമാക്കാനുമുള്ള പദ്ധതി. https://www.mygov.in വെബ്സൈറ്റ് മുഖാന്തിരം ഗവൺമെന്റുമായി ആശയങ്ങൾ പങ്കുവയ്ക്കുന്നതിനും കൈമാറുന്നതിനും ഏതൊരു പൗരനും സ്വാതന്ത്ര്യം നൽകുക.

9. ആശുപത്രികളിൽ രജിസ്ട്രേഷന് ഓൺലൈൻ സംവിധാനം ഏർപെടുത്തുക.

10. ഓൺലൈൻ ദേശീയ കാർഷിക വിപണി (ONAM) സൃഷ്ടിക്കുക.

11. രണ്ടര ലക്ഷം ഗ്രാമങ്ങളെ ഒപ്റ്റിക്കൽ ഫൈബർ ശൃംഖലയിലൂടെ ബന്ധിപ്പിക്കുക.

## ഡിജിറ്റൽ ഇന്ത്യ എങ്ങനെ

സത്യത്തിൽ ഡിജിറ്റൽ ഇന്ത്യ എന്നത് ഒരു കുടയാണ്. ഈ വാക്കിന് കീഴിൽ നിരവധി പദ്ധതികളുണ്ട്. ഇത് നടപ്പിൽ വരുത്തുന്നത് 9 അടിസ്ഥാന കാര്യങ്ങളുടെ പൂർത്തീകരണത്തിലൂടെയാണ്.

**1. ബ്രോഡ്ബാന്റ് ഹൈവേ**

റൂറൽ, അർബൻ, നാഷണൽ ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചർ എന്നീ മൂന്ന് ഉപ വിഭാഗങ്ങളിലായി രാജ്യത്തെ എല്ലാ പൗരന്മാർക്കും അതിവേഗ ഇന്റർനെറ്റ് ലഭ്യമാക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. രാജ്യത്തെ 2,50,000 വില്ലേജുകളെ നാഷണൽ ഒപ്റ്റിക്കൽ ഫൈബർ നെറ്റ്‌വർക്കിന്റെ കീഴിൽ ഉൾപെടുന്നതിലൂടെയാണ് ഗ്രാമപ്രദേശങ്ങളിൽ ഇത് സാധ്യമാക്കുന്നത്. സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക്, നാഷണൽ നോളജ് നെറ്റ്‌വർക്ക്, നാഷണൽ ഒപ്റ്റിക്കൽ ഫൈബർ നെറ്റ്‌വർക്ക്, ഗവൺമെന്റ് യൂസർ നെറ്റ്‌വർക്ക് ആന്റ് ദി മേഘ് രാജ് ക്ലൗഡ് എന്നിവ ഏകോപിപ്പിച്ച് സർക്കാർ ഓഫീസുകളിൽ ഇന്റർനെറ്റ് ലഭ്യമാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്.

**2. യൂണിവേഴ്സൽ ആക്സസ് റ്റു മൊബൈൽ കണക്ടിവിറ്റി**

രാജ്യത്ത് മൊബൈൽ കണക്ടിവിറ്റി ഇല്ലാത്ത 55,619 ഗ്രാമങ്ങളുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. ഇവയ്ക്കും കൂടി

കണക്ടിവിറ്റി ലഭ്യമാക്കുക എന്ന ലക്ഷ്യത്തിനായി 16,000 കോടി രൂപയാണ് ചെലവ് കണക്കാക്കുന്നത്.

**3. പബ്ലിക് ഇന്റർനെറ്റ് ആക്സസ് പ്രോഗ്രാം**

അക്ഷയ പോലുള്ള കോമൺ സർവീസ് സെന്റേഴ്സ് പോസ്റ്റ് ഓഫീസുകളെ മൾട്ടി സർവീസ് സെന്ററുകളാക്കുക എന്നിവയാണ് ലക്ഷ്യമിടുന്നത്. രാജ്യത്തെ 1,50,000 പോസ്റ്റ് ഓഫീസുകളെയാണ് ഈ പദ്ധതി പ്രകാരം ലക്ഷ്യമിടുന്നത്.

**4. ഇ-ഗവേണൻസ്**

വിവര വിനിമയ സാങ്കേതിക വിദ്യയുടെ സഹായത്തോടെ സർക്കാർ സേവനങ്ങൾ കാര്യക്ഷമമാക്കുകയാണ് ഇ ഗവേണൻസിന്റെ ലക്ഷ്യം. സർക്കാരിൽ നിന്നും ജനത്തിന് ലഭിക്കേണ്ടുന്ന സേവനങ്ങൾ ഡിജിറ്റലാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. സർക്കാരിന്റെ തന്നെ വിവിധ വകുപ്പുകൾക്കിടയിലെ ഇടപാടുകളും ഇതിന്റെ പരിധിയിൽ വരാം.

**5. ഇ- ക്രാന്തി**

ആരോഗ്യ, വിദ്യാഭ്യാസ, കർഷക, നിയമ, സുരക്ഷ, സാമ്പത്തിക മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ഇലക്ട്രോണിക് സൗകര്യം ലഭ്യമാക്കാനുള്ള ഉദ്യമം. നഗരങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട മേഖലകളിൽ വൈഫൈ സംവിധാനം.

**6. ഇൻഫർമേഷൻ ഫോർ ആൾ**

വ്യക്തികൾക്കും സംഘടനകൾക്കും സോഫ്റ്റ്‌വെയർ സംരംഭങ്ങൾക്കുമെല്ലാം ഒരു പോലെ ഉപകാരപ്പെടുന്ന വലിയൊരു ഡേറ്റാ സംഭരണിയാണിത്. https://www.data.gov.in എന്നതാണ് വെബ് വിലാസം. കമ്പനി രജിസ്റ്റർ, സ്ഥിതി വിവരക്കണക്ക്, വിളവെടുപ്പ്, ആംബുലൻസ് ലഭ്യത തുടങ്ങി ആയിരക്കണക്കിന് വിവരങ്ങൾ പല ഫോർമാറ്റിൽ ലഭ്യമാണ്. സോഫ്റ്റ്‌വെയർ നിർമാതാക്കൾക്ക് ഇവ ഉപയോഗിക്കുവാനുള്ള എ പി ഐ കളും ലഭ്യമാണ്.

**7. ഇലക്ട്രോണിക് മാനുഫാക്ചറിങ്**

2020 ആകുമ്പോഴേക്കും ഇന്ത്യയിലെ ഇലക്ട്രോണിക് ഉല്പാദനത്തിൽ സ്വയം



പര്യാപ്തത കൈവരിക്കുവാനാണ് ശ്രമിക്കുന്നത്. എം. എസ്. എം. ഇ സെക്ടറുകളിൽ ഇലക്ട്രോണിക് ഉല്പാദനത്തിൽ കൂടുതൽ ഊന്നൽ നൽകുവാൻ ഗവൺമെന്റ് ലക്ഷ്യമിടുന്നത്.

**8. ഐ. ടി. മേഖലയിൽ തൊഴിൽ പരിശീലനം**

2020 ഓടെ ചെറിയ ഗ്രാമങ്ങളിൽ നിന്നും മറ്റും ഏകദേശം ഒരു കോടി വിദ്യാർത്ഥികൾക്ക് ഐ. ടി. മേഖലയിൽ തൊഴിൽ പരിശീലനം നൽകാൻ ഈ പദ്ധതി പ്ലാൻ ചെയ്യുന്നു. വടക്ക് കിഴക്കൻ മേഖലകളിൽ ബി. പി. ഒ സെക്ടർ ഈ ഉദ്യമത്തിന്റെ ഭാഗമാണ്. ഐ. ടി/ ഐ. ടി. എസ്. മേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യമായ പരിശീലനം യുവാക്കൾക്ക് നൽകുന്നതിനാണ് ഇത്.

**ചെറിയ പട്ടണങ്ങളിലും ഗ്രാമങ്ങളിലും ജനങ്ങൾക്ക് ഐ. ടി. പരിശീലനം നൽകുക**

അഞ്ചു വർഷം കൊണ്ട് ചെറുനഗരങ്ങളിലും ഗ്രാമങ്ങളിലും നിന്ന് ഒരു കോടി കുട്ടികൾക്ക് ഐ. ടി. മേഖലയിൽ പരിശീലനം നൽകുക. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ഐ. ടി. മേഖലയിൽ തൊഴിൽ പരിശീലനം നൽകുക. ഇവിടെ ബിസിനസ്സ് പ്രോസസ്സ് ഔട്ട് സോഴ്സിങ്ങ് പ്രാബല്യത്തിൽ വരുത്തുക.

**9. ഏർലി ഹാർവെസ്റ്റ് പ്രോഗ്രാംസ്**

എല്ലാ യൂണിവേഴ്സിറ്റികളിലും വൈഫൈ സൗകര്യം, പ്രാഥമിക ആശയവിനിമയ ഉപാധി ഇ- മെയിൽ, ഗവൺമെന്റ് ഓഫീസുകളിലെല്ലാം ആധാർ വഴി ബയോമെട്രിക് അറ്റന്റൻസ് സൗകര്യം, ഇവയൊക്കെയാണ് ഈ പദ്ധതി വഴി ലക്ഷ്യമിടുന്നത്. സ്കൂൾ ബുക്കുകളെ ഇ- ബുക്കുകളാക്കി മാറ്റുക.

തുടങ്ങി നിരവധി പദ്ധതികളിലൂടെ ഇത് നടപ്പിലാക്കുവാനാണ് സർക്കാർ പദ്ധതിയിടുന്നത്.

## വിവിധ സേവനങ്ങൾ

ഇപ്പോൾത്തന്നെ ഡിജിറ്റൽ ഇന്ത്യയുടെ ഗുണഭോക്താക്കളാണ് നാമെല്ലാവരും. അതായത് സർക്കാരിന്റെ വിവിധ പോർട്ടലുകൾ നാം വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ടുവെന്നർത്ഥം. അവയിൽ പ്രധാനപ്പെട്ട ചിലതിനെ പരിചയപ്പെടാം.

ചെറുകിട വ്യവസായ രജിസ്ട്രേഷനായ ഉദ്യോഗ് ആധാർ ഏറ്റവും നല്ല ഉദാഹരണമാണ്. https://udyogaadhar.gov.in എന്ന സൈറ്റിലൂടെ ആർക്കും ഇന്ന് സ്വയം വ്യവസായ രജിസ്ട്രേഷൻ ഇന്റർനെറ്റ് സൗകര്യമുള്ള ഒരു കമ്പ്യൂട്ടറിൽ നിന്നും ചെയ്യാമെന്നായിരുന്നു.

https://edistrictkerala.gov.in എന്ന കേരളാ സർക്കാരിന്റെ വെബ്സൈറ്റിലൂടെ പൊതുജനങ്ങൾക്ക് നിരവധി സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. വിവിധ വകുപ്പുകളുടെ 47 സേവനങ്ങൾ ഇപ്പോൾ ഈ സൈറ്റിൽ ലഭ്യമാണ്. പരമ്പരാഗത രീതിയിൽ ഓഫീസുകൾ കയറിയിറങ്ങേണ്ടി വരുമ്പോഴുള്ള കാലതാമസം ഒഴിവായിക്കിട്ടുമെന്നതാണ് പ്രധാന ഗുണം. ഒപ്പം സേവനങ്ങളിലെ സുതാര്യത



ഉറപ്പുവരുത്തുകയും ചെയ്യുന്നു.

https://enquiry.indianrail.gov.in എന്ന സൈറ്റിലൂടെ ട്രെയിനുകളുടെ തൽസമയ വിവരങ്ങൾ അറിയുവാനുള്ള സൗകര്യങ്ങളൊരുക്കിയിട്ടുണ്ട്. ഈ വിവരം ലഭിക്കുവാൻ നിരവധി സ്വകാര്യ സൈറ്റുകളുണ്ടെങ്കിലും അവയെല്ലാം ആശ്രയിക്കുന്നത് ഈ ഔദ്യോഗികസൈറ്റിനെയാണ്.

https://www.kerala.gov.in എന്നതാണ് കേരളത്തിന്റെ ഔദ്യോഗിക പോർട്ടൽ. വളരെ ആകർഷകമായ ഒരു മെനുവാണ് ഇതിനുള്ളത്. വളരെ വിപുലമായ സംവിധാനമാണ് ഇതിൽ ഉൾകൊള്ളിച്ചിരിക്കുന്നത്.

ട്രെയിൻ ടിക്കറ്റ് ബുക്ക് ചെയ്യുവാനുള്ള സംവിധാനം മാത്രമല്ല https://www.irctc.co.in എന്നത്. മറിച്ചിതൊരു സമ്പൂർണ്ണ യാത്രാ പോർട്ടലാണ്. താമസവും ഭക്ഷണവും മറ്റ് ഗതാഗത സൗകര്യങ്ങളും കൈകാര്യം ചെയ്യുന്ന സൈറ്റാണിത്.

https://vahan.nic.in എന്നത് വാഹനങ്ങളുടെ ദേശീയ ഡേറ്റാ ബേസാണ്. https://mvd.kerala.gov.in/ എന്നതാണ് കേരളത്തിന്റെ സൈറ്റ്. വാഹന രജിസ്ട്രേഷനും മറ്റുമായി കേരളീയർ ആശ്രയിക്കേണ്ടത് ഇതിനെയാണ്. പൊതുജനങ്ങൾക്ക് ആദായ നികുതി റിട്ടേൺ സമർപിക്കുവാനുള്ള സൈറ്റായ https://www.incometaxindiaefiling.gov.in ഉം ഡിജിറ്റൽ ഇന്ത്യാ പദ്ധതിയുടെ ഭാഗം തന്നെയാണ്. https://www.utiitsl.com, https://www.tin-nsdl.com/ എന്നീ പോർട്ടലുകളിലൂടെ ഓൺലൈനായി പാൻ കാർഡിനപേക്ഷിക്കാം.

https://www.ceo.kerala.gov.in എന്ന പോർട്ടൽ വോട്ടർ പട്ടികയിലെ പേര് തിരയുവാനും കൂട്ടി ചേർക്കുവാനും മാത്രമല്ല ഇലക്ഷൻ സംബന്ധമായ വിവരങ്ങൾ അറിയുവാനും ഉപകരിക്കും. ആധാർ കാർഡിനപേക്ഷിക്കുവാൻ കഴിയില്ലെങ്കിലും അപേക്ഷിച്ച ആധാറിന്റെ സ്ഥിതി അറിയുവാനും ഇ- ആധാർ ഡൗൺലോഡ് ചെയ്യുവാനും, വിവരങ്ങൾ പുതുക്കുവാനുമെല്ലാം https://www.uidai.gov.in/ എന്ന പോർട്ടൽ പ്രയോജനപ്പെടുത്താം. വീട്ടിലിരുന്ന് ഓൺലൈൻ പഠനമാണ് മാസീവ് ഓപ്പൺ ഓൺലൈൻ കോഴ്സസ് എന്ന ആശയം. https://www.mooc.org/ എന്നതാണ് സൈറ്റ്. കേന്ദ്ര മാനവ വിഭവശേഷി വകുപ്പിന് കീഴിലുള്ള MOOC സംരംഭമാണ്. സ്വയം https://swayam.gov.in. തീർത്തും സൗജന്യമായ നിരവധി കോഴ്സുകളിവിടെ ലഭ്യമാണ്.

ഒരു വ്യക്തിയുടെ അധ്യാപനജീവിതം മുഴുവൻ ഡിജിറ്റലാക്കി മാറ്റുന്ന ഓൺലൈൻ സംരംഭമാണ് https://swayam.gov.in എന്നത്. അനന്തസാധ്യതകളുള്ള ഒന്നാണിത്. കൃഷി, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങി വിവിധ മേഖലകളിലെ വിവരങ്ങളറിയുവാനായി ആശ്രയിക്കാവുന്ന പോർട്ടലാണ് https://vikaspedia.in. ഇത് മലയാളത്തിലും ലഭ്യമാണ്.

https://digilocker.gov.in എന്നത് ഡിജിലോക്കർ എന്ന ഒരു സർവീസിന്റെ പോർട്ടലാണ്. പണവും സ്വർണവും മുദ്രക്കടലാസിലെ ആധാരവുമൊക്കെ ബാങ്ക് ലോക്കറിൽ സൂക്ഷിക്കുന്നതുപോലെ ഇ-രേഖകൾ സൂക്ഷിക്കാനാണ് സർക്കാരിന്റെ ഡിജിറ്റൽ ലോക്കർ. ഇന്റർനെറ്റ് അടിസ്ഥാനമാക്കിയുള്ള ഭരണസംവിധാനമായ ഇ-ഗവേണൻസിന്റെ ഭാഗമായി സർക്കാർ രേഖകളും സേവനങ്ങളുമെല്ലാം ഓൺലൈൻ വഴിയായതിന് പിന്നാലെയാണ് കേന്ദ്രസർക്കാർ ഈ രേഖകളെല്ലാം സുരക്ഷിതമായി സൂക്ഷിക്കാൻ ഡിജിറ്റൽ ലോക്കർ സംവിധാനം ജനങ്ങൾക്കായി ആവിഷ്കരിക്കുന്നത്.

നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ, ഇ- ഹോസ്പിറ്റൽ/ ഒ. ആർ. എസ്, ഇ-സൈൻ, ഡിജിറ്റേഴ്സ് ഇന്ത്യ പ്ലാറ്റ്ഫോം (ഡി. ഐ. പി) തുടങ്ങി നിരവധി ഉല്പന്നങ്ങൾ ഡിജിറ്റൽ ഇന്ത്യയുടേതായിട്ടുണ്ട്. ഇതുകൂടാതെ നിരവധി സേവനങ്ങളും എണ്ണമറ്റ പോർട്ടലുകളും ലഭ്യമാണ്. വിവിധ സർവകലാശാലകൾ പബ്ലിക് സർവീസ് കമ്മീഷനുകൾ തുടങ്ങി എല്ലാം ഡിജിറ്റലാവുമ്പോൾ സേവനങ്ങളെല്ലാം വിരൽത്തുമ്പിൽ ലഭ്യമാവുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്.

## സംരംഭക സാധ്യതകൾ

വികസ്വര രാജ്യങ്ങളിൽ, പ്രത്യേകിച്ചും ഇന്ത്യയെ ലോകത്തിലെ ഏറ്റവും വികസിത രാജ്യങ്ങളിലെ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ അതിവേഗം വികസിപ്പിക്കുകയാണ്. ഇത് നിരവധി സംരംഭകത്വ സാധ്യതകളും ഒട്ടനവധി തൊഴിലവസരങ്ങളും തുറന്നിടുന്നുണ്ട്. യൂബർ, ഒലെ പോലുള്ള ഓൺലൈൻ ടാക്സി

സംവിധാനങ്ങൾ കുറഞ്ഞ ചെലവിൽ ഇന്റർനെറ്റ് ലഭ്യമാവുന്നതിന്റെ ഫലമായി ഉടലെടുത്ത സംരംഭങ്ങളാണ്.

റീട്ടെയിൽ രംഗത്ത് വിപ്ലവം സൃഷ്ടിച്ച ആമസോൺ, ഫ്ളിപ്പ്കാർട്ട് പോലുള്ള സംരംഭങ്ങൾ വിരൽത്തുമ്പിൽ ഷോപ്പിംഗ് സാധ്യമെന്ന് തെളിയിച്ചവയാണ്. പരമ്പരാഗത റീട്ടെയിൽ വിപണിക്ക് ഇന്ന് ഓൺലൈൻ സംവിധാനങ്ങളോട് മത്സരിക്കാനാവുന്നില്ല. മൊബൈൽ ഇന്റർനെറ്റ് ആക്സസുള്ള സ്മാർട്ട് ഫോണുകൾ ജനസംഖ്യയിൽ മൂന്ന് ശതമാനം (50 ദശലക്ഷം സ്മാർട്ട്ഫോണുകൾ) മാത്രമേ ഉപയോഗിക്കുന്നുള്ളൂ എന്നതിനാൽ ഇന്ന് പ്രീമിയം സെഗ്മെന്റ് ഉപഭോക്താക്കൾ മാത്രമാണ് ഈ സേവനം ഉപയോഗിക്കുന്നത്. എന്നാൽ, 5 വർഷത്തിനുള്ളിൽ 500 ദശലക്ഷം ഉപഭോക്താക്കളിലേക്ക് സ്മാർട്ട് ഫോണുകൾ എത്തുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. അതിനാൽത്തന്നെ ഇനിയുള്ള കാലഘട്ടത്തിൽ ഇത്തരം സംരംഭകസാധ്യതകൾ വർദ്ധിക്കും. മാത്രവുമല്ല ഇനിയിപ്പോഴുള്ള തലമുറ കാലയവനികയ്ക്കുള്ളിലേക്ക് മറയുകയും ഒപ്പം തുടർന്നു വരുന്ന തലമുറ കമ്പ്യൂട്ടർ പരിജ്ഞാനമുള്ളവരാകുകയും ചെയ്യുമെന്നോർക്കുക. ഇത് ഇന്ത്യയുടെ പരമ്പരാഗത ചില്ലറ വ്യവസായത്തെ പുനർ നിർവചിക്കുക തന്നെ ചെയ്യും.

കൃഷിയിലും അതിന്റെ വിപണനത്തിലുമെല്ലാം ഡിജിറ്റലൈസേഷന്റെ കടന്നുകയറ്റം നൂതന സംരംഭങ്ങൾക്ക് സാധ്യതയായിട്ടുണ്ട്. അമേരിക്കൻ സ്റ്റാർട്ടപ്പുകളെ അനുകരിക്കുന്ന നിരവധി സംരംഭങ്ങൾ വരുംനാളുകളിൽ ഈ ഡിജിറ്റൽ വിപ്ലവത്തിന്റെ ഫലമായി ഉയർന്നുവരും. വിജയകരമായ അമേരിക്കൻ ബിസിനസ് മോഡലുകളെ ഇന്ത്യൻ സാഹചര്യത്തിലേക്ക് പറിച്ചു നടുന്ന നൂതന സംരംഭങ്ങൾ നാളെ നമുക്ക് കാണുവാൻ കഴിയും. Hire my machine എന്ന സംരംഭത്തിന്റെ ഉടമ ഗിരീഷ് ലാഗി ഉത്തമ ഉദാഹരണമാണ്.

ചെറുകിട ബിസിനസ്സുകാർ വൻ കമ്പനികളായ ആമസോൺ, ഫ്ളിപ്പ് കാർട്ട് പോലുള്ളവ ഉപയോഗിച്ച് ബിസിനസ്സ് ചെയ്യുന്നത് ഇന്ന് അനവധിയായി കാണുന്നുണ്ട്. ഇനിയുള്ള നാളുകളിൽ ഇത് വർദ്ധിക്കുമെന്ന് കരുതപ്പെടുന്നു. അസംഘടിത മേഘലകളായ തെങ്ങുകയറ്റം, പ്ലംബിംഗ് തുടങ്ങിയവയിലെല്ലാം ഡിജിറ്റൽ ഡേറ്റ ഉപയോഗിച്ച് നിരവധി സംരംഭങ്ങൾ ഉടലെടുക്കുന്നത് ഭാവിയിൽ കാണുവാൻ കഴിയും. സാമ്പത്തിക രംഗവും ഡിജിറ്റലിലേക്ക് വഴിമാറുമ്പോൾ ഫിനാൻഷ്യൽ ടെക്നോളജി മേഖലകളിൽ വ്യത്യസ്തങ്ങളായ നിരവധി സംരംഭങ്ങൾക്ക് സാധ്യതയേറെയാണ്.

## ഡിജിറ്റൽ ഇന്ത്യ പ്രയോജനങ്ങൾ

1. ഭരണത്തിലും സേവനങ്ങളിലും സുതാര്യതയും വേഗതയും ഉറപ്പുവരുത്തുന്നു. സർക്കാർ സേവനങ്ങളിലെ കാലതാമസം ഒഴിവാക്കുന്നു.
2. കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, റവന്യൂ തുടങ്ങിയ സേവനങ്ങളെല്ലാം എവിടെയിരുന്നും ആവശ്യപ്പെടുവാനും സ്വീകരിക്കുവാനും എളുപ്പത്തിൽ കഴിയും.
3. കടലാസ് രഹിത ഓഫീസുകൾ യാഥാർത്ഥ്യമാവുന്നതോടെ പരിസ്ഥിതി സംരക്ഷണം
4. കാർഷിക വിപണി സുതാര്യവും വിപുലവും ഏകീകൃത സ്വഭാവവുമുള്ളതുമാകും. തുടങ്ങി നിരവധി പ്രയോജനങ്ങളുള്ളയൊന്നാണ് ഡിജിറ്റൽ ഇന്ത്യ എന്നത്.

## വെല്ലുവിളികൾ

ഇന്ത്യൻ ജനസംഖ്യയിൽ ഭൂരിഭാഗവും നിരക്ഷരരും സാധാരണ സാഹചര്യങ്ങളിൽ ജീവിക്കുന്നവരും ആണെന്നതുമാണ് ഇതിന്റെ ആദ്യത്തെ വെല്ലുവിളി. സാങ്കേതികവിദ്യ ഉപയോഗിക്കാൻ കഴിയുന്നവരും അല്ലാത്തവരും തമ്മിലുള്ള വിടവാണ് ഡിജിറ്റൽ ഡിവൈഡ്. ആയതിനാൽത്തന്നെ സാധാരണ ജനം ഇടനിലക്കാർ മൂലം ചതിക്കപ്പെടുവാൻ സാധ്യത ഏറെയാണ്.

വ്യത്യസ്തമായ നിരവധി സേവനങ്ങളും നൂതനമായ സംരംഭക സാധ്യതകളുമായി നമ്മിലേക്ക് എത്തിയിരിക്കുന്ന ഡിജിറ്റൽ ഇന്ത്യയുടെ വെബ്സൈറ്റ് https://www.digitalindia.gov.in എന്നതാണ്.

# വാഹനങ്ങളുടെ ടയർ പോളിഷ്, ഡാഷ് പോളിഷ് നിർമാണം

കേരളത്തിന്റെ വാഹനവിപണി അനുദിനം കുതിച്ചുയരുകയാണ്. നാട്ടിൻ പുറങ്ങളിലെ വീടുകളിൽ പോലും ഇപ്പോൾ രണ്ടിലധികം വാഹനങ്ങളുണ്ട്. ഈ വാഹനപ്പെരുപ്പം സംരംഭകർക്ക് മുമ്പിൽ തുറന്നു വെയ്ക്കുന്ന നിരവധി അവസരങ്ങളുണ്ട്. വാഹനങ്ങളുടെ സൗന്ദര്യ സംരക്ഷണമാണ് അതിൽ പ്രധാനപ്പെട്ട ഒരു മേഖല. പുതുമയും അഴകും നിലനിർത്താൻ സഹായിക്കുന്ന ധാരാളം ഉൽപന്നങ്ങൾ ഇന്ന് വിപണിയിൽ ലഭ്യമാണ്. മുമ്പ് നഗരങ്ങളിൽ മാത്രം ഉണ്ടായിരുന്ന കാർ ബ്യൂട്ടിഫിക്കേഷൻ ഷോപ്പുകൾ ഇന്ന് നാട്ടിൻ പുറങ്ങളിലേക്കും എത്തിയിരിക്കുന്നു. നിരവധി മൂല്യവർധിത ഉൽപ്പന്നങ്ങളും സേവനങ്ങളും ഇത്തരം ഷോപ്പുകൾ വഴി ലഭ്യമാണ്. വാഹനങ്ങളുടെ ടയർ പോളിഷും ഡാഷ് പോളിഷും ഈ ഷോപ്പുകൾ വഴി വിറ്റഴിക്കാൻ കഴിയുന്ന ഉൽപന്നങ്ങളാണ്.



## സാധ്യതകൾ

ടയർ പോളിഷ്, ഡാഷ് പോളിഷ് എന്നിവയുടെ നിർമ്മാണം ചെറിയ മുതൽ മുടക്കിൽ കുടുംബ സംരംഭമായി ആരംഭിക്കാൻ കഴിയും. ബോട്ടിലുകളിൽ പായ്ക്ക് ചെയ്ത് ഷോപ്പുകൾ വഴി വിൽപ്പന നടത്തുന്നതിനൊപ്പം മൂല്യവർദ്ധിത സേവനങ്ങളായ ഇന്റീരിയർ ക്ലീനിംഗ്, സർവീസിംഗ് തുടങ്ങിയ അനുബന്ധ സേവനങ്ങൾ പ്രാധാന്യം ചെയ്യുന്ന സർവീസ് സെന്ററുകൾക്ക് വലിയ പായ്ക്കുകളിൽ സപ്ലൈ ചെയ്യുകയുമാവാം. ഈ രംഗത്ത് കേരളത്തിൽ ഉല്പാദകർ കുറവാണ് എന്നതും ബിസിനസ്സിന്റെ സാധ്യതകൾ വർദ്ധിപ്പിക്കുന്നു.

അസംസ്കൃത വസ്തുക്കൾ പ്രാദേശികമായിത്തന്നെ ലഭ്യമാണ്. പ്രാദേശിക മാർക്കറ്റിങ്ങിലൂടെയും ഉയർന്ന വരുമാനം നേടാൻ കഴിയുന്ന സംരംഭമാണ് വാഹനങ്ങളുടെ ടയർ പോളിഷ്, ഡാഷ് ബോർഡ് പോളിഷ് നിർമ്മാണം.



## മാർക്കറ്റിങ്

വാഹന വിൽപ്പന നടത്തുന്ന ഡീലർമാർ അവരുടെ തന്നെ ബ്രാൻഡ് രേഖപ്പെടുത്തിയ ഡാഷ് പോളിഷ്, ടയർ പോളിഷ് എന്നിവ സമ്മാനമായി വാഹനം വാങ്ങുന്ന ഉപഭോക്താക്കൾക്ക് നൽകാറുണ്ട്. പൂർണ്ണമായും ഇത് പുറത്തുനിന്നും നിർമ്മിച്ച് വാങ്ങുന്നവയാണ്. ഇത്തരത്തിലുള്ള കോർകപറേറ്റ് ഓർഡറുകൾ ശേഖരിക്കാൻ കഴിഞ്ഞാൽ ബിസിനസ്സ് എളുപ്പമായി പിന്നീട് വാഹനങ്ങളുടെ ബ്യൂട്ടിഫിക്കേഷൻ സെന്ററുകൾ വഴി നേരിട്ടുള്ള വിൽപ്പനയ്ക്കും ശ്രമിക്കാം. വിതരണക്കാരെ നിയമിച്ചുള്ള മാർക്കറ്റിങ്ങിനും സാധ്യതയുണ്ട്. പ്രധാനപ്പെട്ട സ്റ്റേഷനറി ഷോപ്പുകളിലും വിൽപന നടത്താൻ സാധിക്കും.

## സാങ്കേതികവിദ്യാ പരിശീലനം

കേരളത്തിലെ ആദ്യ കാർഷിക ഭക്ഷ്യ സംസ്കരണ ഇൻകുബേഷൻ സെന്ററായ പിറവം അഗ്രോപാർക്കിൽ നിന്ന് ടയർ പോളിഷ് ഡാഷ് ബോർഡ് പോളിഷ് എന്നിവയുടെ സാങ്കേതിക വിദ്യയും പരിശീലനവും ലഭിക്കും. ഫോൺ: 0485- 2242310

## നിർമ്മാണരീതി

സിലിക്കോൺ ഓയിലും സിലിക്കോൺ എമൽഷനും പച്ച വെള്ളത്തിൽ നിശ്ചിത അനുപാതത്തിൽ കലർത്തി എമൽസിഫിക്കേഷന് വിധേയമാക്കി സൂക്ഷിക്കാം. തുടർന്ന് ടയർ പോളിഷിൽ ആവശ്യത്തിന് കളറും ഡാഷ് പോളിഷിൽ ആവശ്യത്തിന് സുഗന്ധവും ചേർത്ത് പായ്ക്ക് വിൽപ്പനയ്ക്കെത്തിക്കാം.

## മൂലധനനിക്ഷേപം

| | |
|---|---|
| 1. മിക്സിംഗ്, ഫില്ലിംഗ് ഉപകരണങ്ങൾ | 15,000 |
| 2. പായ്ക്കിംഗിന് ആവശ്യമായ സംവിധാനങ്ങൾ | 10,000 |
| 3. പ്രവർത്തന മൂലധനം | 75,000 |
| **ആകെ** | **1,00,000** |

## പ്രവർത്തന വരവ് ചെലവ് കണക്ക്

ചെലവ്

(പ്രതിദിനം 50 ലിറ്റർ പോളിഷ് നിർമ്മിച്ച് വില്പൻ നടത്തുന്നതിനുള്ള ചെലവ്)

| | |
|---|---|
| 1. അസംസ്കൃത വസ്തുക്കൾ (സിലിക്കോൺ ഓയിൽ, സിലിക്കോൺ എമൽസിഫയർ തുടങ്ങിയവ) | 2,500 |
| 2. പായ്ക്കിംഗ് ബോട്ടിലുകൾ ലേബലുകൾ സഹിതം 200 * 5 | 1,000 |
| 3. ജീവനക്കാരുടെ വേതനം | 600 |
| 4. ഇതര ചെലവുകൾ | 500 |
| 5. മാർക്കറ്റിങ് ചാർജ് | 1,400 |
| **ആകെ** | **6,000** |

## വരവ്

(പ്രതിദിനം 250 മി. ലി. വീതമുള്ള 200 ബോട്ടിലുകൾ വിറ്റഴിക്കുമ്പോൾ ലഭിക്കുന്നത്)

| | |
|---|---|
| 1. 200 മി. ലി. എം. ആർ. പി. | 80 |
| 2. വില്പനക്കാരുടെ കമ്മീഷൻ കിഴിച്ച് ഉല്പാദകന് ലഭിക്കുന്നത് | 50 |
| 3. 200 ബോട്ടിൽ * 50 | 10,000 |

ലാഭം

| | |
|---|---|
| വിറ്റുവരവ് | 10,000 |
| ഉല്പാദന വിതരണ ചെലവ് | 6,000 |
| ലാഭം | 4,000 |

## ലൈസൻസുകൾ

ചരക്ക് സേവന നികുതി രജിസ്ട്രേഷൻ, ഉദ്യോഗ് ആധാർ എന്നിവ സംരംഭകൻ നേടിയിരിക്കണം.

# തൃശൂരിൽ വാട്ടർകെയർ ബലോററ്ററീസ് പ്രവർത്തനം തുടങ്ങി

തൃശൂരിൽ വാട്ടർ കെയർ ബലോററ്ററീസ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം പൂങ്കുന്നത്ത് തുടങ്ങി. കുടിവെള്ള പരിശോധന, വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കൽ, മലിനജലം പുനരുപയോഗിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ബയോഗ്യാസ് ഇൻസിലറേറ്റർ സ്ഥാപിക്കൽ തുടങ്ങിയ സേവനങ്ങളാണ് സ്ഥാപനം ചെയ്യുന്നത്. കെമിസ്റ്റ്, മൈക്രോ ബയോളജിസ്റ്റ് എന്നിവർ ഉൾപ്പെടെ 15 തൊഴിലാളികൾ ഇപ്പോൾ സ്ഥാപനത്തിലുണ്ട്. വെള്ളവുമായി ബന്ധപ്പെട്ട





എല്ലാത്തരം പ്രവൃത്തികളും ചെയ്യാൻ കഴിയുന്ന സ്ഥാപനമാണിത്. 10 ലക്ഷം രൂപയുടെ ഉപകരണങ്ങളും സ്ഥാപനത്തിലുണ്ട്. കാനറ ബാങ്ക്, പൂങ്കുന്നം ശാഖ പി. എം. ഇ. ജി. പി. പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് വായ്പ നൽകിയത്. ജില്ലാ വ്യവസായകേന്ദ്രമാണ് അപേക്ഷ ശുപാർശ ചെയ്തത്. യുവ എഞ്ചിനീയർ എ. വി. സന്ദീപാണ് സ്ഥാപനത്തിന്റെ ഉടമ. ദീപു. പി. ആർ, പ്രവീൺകുമാർ. കെ. ജെ എന്നിവർ സഹായിക്കുന്നു. ലാബിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരം ലഭിച്ചതിനാൽ ആധികാരമായിത്തന്നെ പരിശോധനഫലം നൽകാൻ കഴിയും.

ലബോറട്ടറിയുടെ ഉദ്ഘാടനം ജില്ലാ വ്യവസായകേന്ദ്രം മാനേജർ ടി. എസ്. ചന്ദ്രൻ നിർവഹിച്ചു. കോർപറേഷൻ വാർഡ് മെമ്പർ സുജാത അദ്ധ്യക്ഷയായി. കാനറ ബാങ്ക് പൂങ്കുന്നം സീനിയർ മാനേജർ കെ. അനിൽ കുമാർ, തൊഴിലാളികൾ, സ്ഥാപന ഉടമയും ബന്ധുക്കളും ഉദ്ഘാടന പരിപാടിയിൽ പങ്കെടുത്തു. ജൂലൈ 16 നായിരുന്നു ഉദ്ഘാടനം.

വിഷ്ണു. ജെ

# ചെരിപ്പ് വ്യവസായത്തിലൊരു കോഴിക്കോടൻ വിജയഗാഥ

കേരളത്തിന്റെ ചരിത്രത്തിനൊപ്പം തന്നെ വളർന്നതാണ് കോഴിക്കോടിന്റെ വ്യവസായ രംഗവും. വിവിധ കാലങ്ങളിലായി നിരവധി വ്യവസായങ്ങൾ കോഴിക്കോടൻ മണ്ണിൽ ഉയരുകയും വളരുകയും ചെയ്തിട്ടുണ്ട്. കേരളത്തിന്റെ വ്യവസായ ഭൂപടത്തിൽ മലബാറിനെ അടയാളപ്പെടുത്തിയത് പലപ്പോഴും കോഴിക്കോടായിരുന്നു. ഫറോക്കിലെ ഓട് വ്യവസായവും കല്ലായിലെ തടിമില്ലുകളും ബേപ്പൂരിലെ ഉരു നിർമാണവുമെല്ലാം ജില്ലയുടെ വ്യവസായ പാരമ്പര്യത്തിന്റെ അടയാളപ്പെടുത്തലുകളാണ്.

എന്നാൽ, ഇന്ന് കോഴിക്കോടിന്റെ വ്യവസായങ്ങളുടെ പട്ടികയിൽ തലയെടുപ്പോടെ നിൽക്കുന്നത് കേവലം നാൽപത് വർഷത്തെ മാത്രം പഴക്കമുള്ള ചെരിപ്പ് വ്യവസായമാണ്. ചെരിപ്പ് നിർമാണത്തിനുള്ള കാര്യമായ അസംസ്കൃത വസ്തുക്കളില്ലാതെ സാങ്കേതികമായ പരിജ്ഞാനമില്ലാതെ തൊഴിലാളികളുടെ ലഭ്യതയുമില്ലാതെയായിരുന്നു കോഴിക്കോട് ചെരുപ്പ് നിർമാണത്തിൽ വിജയഗാഥ രചിച്ചത്.

## തുടക്കം 80 കളിൽ



1980 കളിലായിരുന്നു കോഴിക്കോട് ചെരുപ്പ് വ്യവസായത്തിന്റെ തുടക്കം. ജില്ലയിൽ അപ്പോൾ സജീവമായുണ്ടായിരുന്ന പ്ലേവുഡ്, ഓട് തുടങ്ങിയ വ്യവസായങ്ങൾ പ്രതിസന്ധി നേരിടുന്ന കാലഘട്ടമായിരുന്നു അത്. 1980 ൽ ഹവായിയുടെ ഉടമസ്ഥയിലുണ്ടായിരുന്ന റബ്ബർ ചെരിപ്പ് നിർമാണ കമ്പനിയായിരുന്നു കോഴിക്കോട് ഈ മേഖലയിലേക്കുള്ള ആദ്യ ചുവടുവെപ്പിന് തുടക്കം കുറിച്ചത്. പിന്നീട് 1984 വി. കെ. സി. സ്ഥാപിതമായി. 90 കളുടെ തുടക്കങ്ങളിൽ വളരെ സജീവമായ വ്യവസായമായി ചെരിപ്പ് നിർമാണം കോഴിക്കോട് ഉയർന്നു വരികയായിരുന്നു.

## ഇന്ത്യയുടെ ഫുട്‌വെയർ ഹബ്

ഇന്ത്യയുടെ ഫുട്‌വെയർ ഹബ് എന്ന് വേണമെങ്കിൽ കോഴിക്കോടിനെ വിശേഷിപ്പിക്കാം. ചെരിപ്പ് വ്യവസായത്തിൽ കോഴിക്കോട് അത്രയേറെ മുന്നോട്ട് പോയിരിക്കുന്നു. 40 കിലോമീറ്റർ ചുറ്റളവിലായി ഏകദേശം 150 ചെരിപ്പ് വ്യവസായ യൂണിറ്റുകളാണ് ഇന്ന് കോഴിക്കോട് ഉള്ളത്. ഇവയ്ക്ക് പിന്തുണ നൽകുന്ന 300 ഓളം യൂണിറ്റുകളും ഉണ്ട്. നിരവധി ചെറു യൂണിറ്റുകൾ വലിയൊരു യൂണിറ്റിന് കീഴിൽ വരുന്ന രീതിയാണ് കോഴിക്കോട്ടെ ചെരിപ്പ് വ്യവസായത്തിലുള്ളത്. ഏകദേശം 25,000 പേർക്ക് ചെരിപ്പ് വ്യവസായമേഖല തൊഴിൽ നൽകുന്നുണ്ട്. അന്യസംസ്ഥാന തൊഴിലാളികളാണ് കോഴിക്കോട്ടെ ചെരുപ്പു കമ്പനികളിൽ കൂടുതലും ജോലി നോക്കുന്നത്. ശതകോടികൾ വിറ്റുവരവുള്ള വ്യവസായമായും കോഴിക്കോട്ടെ ചെരിപ്പ് വ്യവസായം പരിണമിച്ചിരിക്കുന്നു.

# കൊയിലാണ്ടി നഗരസഭ
# വ്യവസായ സംരംഭക ക്ലബ് ഉദ്ഘാടനം ചെയ്തു

കൊയിലാണ്ടി നഗരസഭയുടെ "വിഷൻ 2035" പ്രാദേശിക സാമ്പത്തിക വികസന പദ്ധതി വിഭാവനം ചെയ്യുന്നത് ജനങ്ങൾക്ക് ആവശ്യമായ ഉപഭോഗവസ്തുക്കളുടെ 25 ശതമാനമെങ്കിലും നഗരസഭയിൽത്തന്നെ ഉത്പാദനം നടത്തുക എന്നതാണ്. കൂടാതെ വർഷംതോറും 50 പുതിയ സ്ഥാപനം ആരംഭിക്കുന്നതിനും 1000 പേർക്ക് സ്ഥിരം തൊഴിലും അതുവഴി നഗരസഭക്ക് ലൈസൻസ് ഫീസിനത്തിൽ 5 ലക്ഷം രൂപയും തൊഴിൽ നികുതിയിനത്തിൽ 2.5 ലക്ഷം രൂപയും ലഭ്യമാകും. ഇതിന് പുറമെ സംസ്ഥാന സർക്കാരിൽ വില്പന നികുതി വരുമാനവും ലഭിക്കും. പ്രാദേശികമായി ഉത്പാദിപ്പിച്ച് ഗുണമേന്മയുള്ള ഉൽപന്നങ്ങൾ ന്യായമായ വിലക്ക് സാധാരണക്കാർക്ക് ലഭിക്കുന്നതിനും അവരുടെ വിഭവങ്ങൾക്ക് മികച്ച വില ലഭിക്കുന്നതിനും സഹായകമാകും. അതിലുപരി ദീർഘകാലനേട്ടം സംരംഭകരുടെ വരവോടെ സാധ്യമാകും. ആയതിലേക്കുള്ള ആദ്യ ചുവടുവെപ്പാണ് വ്യവസായ സംരംഭക ക്ലബിന്റെ രൂപീകരണത്തിന്റെ ലക്ഷ്യം.




വി. കെ. പത്മിനിയുടെ (ഉപാദ്ധ്യക്ഷ, കൊയിലാണ്ടി നഗരസഭ) അദ്ധ്യക്ഷതയിൽ ചേർന്ന ഉദ്ഘാടന ചടങ്ങിൽ അജിത്കുമാർ. ടി. വി. (വ്യവസായ വികസന ഓഫീസർ, കൊയിലാണ്ടി നഗരസഭ) സ്വാഗതവും അഡ്വ. കെ. സത്യൻ (ചെയർമാൻ, കൊയിലാണ്ടി നഗരസഭ) ഉദ്ഘാടനവും, കെ. രാജീവ് (ജനറൽ മാനേജർ (ഇൻചാർജ്) ജില്ലാ വ്യവസായകേന്ദ്രം, കോഴിക്കോട് വിഷയാവതരണവും നിർവഹിച്ചു. പ്രസ്തുത ചടങ്ങിൽ എൻ. കെ. ഭാസ്കരൻ (അദ്ധ്യക്ഷൻ വ്യവസായ സംരംഭക ക്ലബ്ബ് & സ്റ്റാന്റിംഗ് കമ്മിറ്റി, പ്രാദേശിക വികസനം), ആർ. കെ. ചന്ദ്രൻ (കൺവീനർ വ്യവസായ സംരംഭക ക്ലബ്ബ് & വർക്കിംഗ് ഗ്രൂപ്പ് പ്രാദേശിക വികസനം) എന്നിവർ ആശംസ അർപിച്ചു.

---

പോളിയുറത്തീൻ അഥവാ പി. യു. ചെരിപ്പുകൾക്കാണ് ഇപ്പോൾ ആവശ്യക്കാർ കൂടുതലായി എത്തുന്നത്. ഇത് മനസിലാക്കി 2005 ന് ശേഷം പി. യു. ചെരിപ്പുകളുടെ നിർമാണത്തിലാണ് കോഴിക്കോട്ടെ ചെരിപ്പ് വ്യവസായികൾ കേന്ദ്രീകരിച്ചിരിക്കുന്നത്. ന്യൂഡൽഹി അടക്കമുള്ള നഗരങ്ങളിൽ നിന്നായിരുന്നു ആദ്യം പി. യു. ചെരിപ്പുകൾക്കായുള്ള അസംസ്കൃത വസ്തുക്കൾ എത്തിച്ചിരുന്നതെങ്കിൽ ഇപ്പോൾ നഗരത്തിൽ തന്നെ അത് നിർമാതാക്കൾ ലഭ്യമാക്കുന്നുണ്ട്. ഗുണമേന്മ കൂടുതലുള്ളതും മികച്ച ഡിസൈനുള്ളതുമായ ചെരിപ്പുകളാണ് കോഴിക്കോട് നിന്ന് പുറത്തിറങ്ങുന്നത്. രാജ്യത്തെ പ്രധാന നഗരങ്ങളിൽ നിന്നുള്ള വ്യവസായികളെ പങ്കെടുപ്പിച്ച് കോഴിക്കോട് നടക്കുന്ന എക്സ്പോകളും കേരളത്തിലെ ചെരിപ്പ് വ്യവസായത്തിന് മുതൽക്കൂട്ടാണ്. ഫുട്വെയർ പാർക്കുകളിലൂടെയും മറ്റും സർക്കാറും വ്യവസായത്തിന് അകമഴിഞ്ഞ പിന്തുണ നൽകുന്നു. ആഗോള ചെരിപ്പ് നിർമാണ രംഗത്ത് ചൈനക്ക് പിറകിൽ രണ്ടാമതാണ് ഇന്ത്യ. രണ്ടാം സ്ഥാനത്തേക്ക് ഇന്ത്യയെ എത്തിക്കുന്നതിൽ കോഴിക്കോട്ടെ ചെരിപ്പ് വ്യവസായത്തിനും നിർണായക സ്ഥാനമാണ് ഉള്ളത്. വ്യവസായികളുടെ ഒത്തൊരുമയും സർക്കാർ നൽകുന്ന അകമഴിഞ്ഞ പിന്തുണയുമാണ് കോഴിക്കോട്ടെ ചെരിപ്പ് നിർമാണത്തിന്റെ വിജയരഹസ്യം.

# ഊർജ്ജമിത്ര സംരംഭക പരിശീലന പരിപാടി സംഘടിപ്പിച്ചു

കേരള സർക്കാർ സ്വയംഭരണ സ്ഥാപനമായ അനെർട്ട് സംസ്ഥാനത്തെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലും അക്ഷയ ഊർജ്ജ സർവ്വീസ് സെന്ററുകൾ സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുത്ത സംരംഭകർക്ക് വേണ്ടി കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് സംഘടിപ്പിക്കുന്ന ത്രിദിന സംരംഭകത്വ പരിശീലന പരിപാടി ആരംഭിച്ചു. 35 പേരടങ്ങുന്ന ആദ്യ ബാച്ചിന്റെ പരിശീലനം പരിപാടി കീഡിന്റെ കളമശ്ശേരി ആസ്ഥാന ഓഫീസിൽ വീഗാലാന്റ് ഡവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് ചെയർമാൻ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി ഉദ്ഘാടനം ചെയ്തു.

കീഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആന്റ് എക്സിക്യൂട്ടീവ് ഡയറക്ടർ ഇ. സലാഹുദ്ദീൻ, അനെർട്ട് ഡയറക്ടർ ഡോ. ഹരികുമാർ, സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ വിഷ്ണു പ്രസാദ്, തൃശൂർ ആസ്ഥാനമായുള്ള മൈക്രോ, സ്മാൾ, മീഡിയം എന്റർപ്രൈസസ് ഡവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഡെപ്യൂട്ടി ഡയറക്ടർ എം. പളനിവേൽ, അനെർട്ട്




പ്രോഗ്രാം ഓഫീസർ ജയചന്ദ്രൻ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു. സോളാർ ലാന്റേൺ, സോളാർ ഹോം ലൈറ്റിംഗ്, ഓഫ്ഗ്രിഡ് സോളാർ പ്ലാന്റ്, ഓൺഗ്രിഡ് സോളാർ പ്ലാന്റ്, ബയോഗ്യാസ് പ്ലാന്റ്, സോളാർ വാട്ടർ ഹീറ്റർ, വിറകടുപ്പുകൾ എന്നിവപോലെ ജനങ്ങൾക്കനുയോജ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ തെരഞ്ഞെടുക്കുന്നതിനും സ്ഥാപിക്കുന്നതിനും സാങ്കേതിക സഹായങ്ങൾക്കും ഉപകരണങ്ങളുടെ സമയബന്ധിത പരിപാലനത്തിനും ഉതകുന്ന സേവനം ലഭ്യമാക്കുകയാണ് അക്ഷയ ഊർജ്ജ സർവ്വീസ് സെന്ററുകൾ വഴി നടത്തുന്നതെന്ന് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്പ്മെന്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഇ. സലാഹുദ്ദീൻ അറിയിച്ചു.




നിങ്ങളുടെ ഉത്പന്നമോ
സേവനമോ യഥാർത്ഥ
ആവശ്യക്കാർക്കിടയിൽ
കുറഞ്ഞ ചെലവിൽ
പരസ്യപ്പെടുത്താൻ
ഏറ്റവും യോജിച്ച മാസിക
**വ്യവസായകേരളം**



## പരസ്യനിരക്ക്

| | കളർ | ബ്ലാക്ക് & വൈറ്റ് |
|---|---|---|
| ബാക്ക് കവർ | 15,000 രൂപ | |
| ഫ്രണ്ട് കവർ ഇൻസൈഡ് | 10,000 രൂപ | |
| ബാക്ക് കവർ ഇൻസൈഡ് | 9,000 രൂപ | |
| ഇൻസൈഡ് ഫുൾപേജ് | 8,000 രൂപ | 5,000 രൂപ |
| ഇൻസൈഡ് ഹാഫ്പേജ് | 4,000 രൂപ | 2,500 രൂപ |
| ഇൻസൈഡ് ക്വാർട്ടർപേജ് | 2,500 രൂപ | 1,500 രൂപ |

"K-Bip, Vyavasayakeralam" എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി/ചെക്ക് ആയി പരസ്യത്തിന്റെ ചാർജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം

എഡിറ്റർ
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്, വെള്ളയമ്പലം
തിരുവനന്തപുരം - 695 033
ഫോൺ: 0471 2322789

Email: vyavasayakeralam@gmail.com

Regn.No.KL/TV(N)/183/2016-2018
Volume 51 Issue 3
August 2018

Vyavasaya Keralam
MONTHLY

₹ 30
R.N.I 29441/77
Date of publication-2nd August 2018




Printed and Published by the Kerala Bureau of Industrial Promotion (K-Bip)
on behalf of the Director of Industries & Commerce, Govt. of Kerala, Vikasbhavan, Thiruvananthapuram.
Printed at Sterling Print House (P) Ltd., Door No.49/1849, Ponekkara- cheranelloor Road, AIMS Ponekkara (PO), Cochin-682041

Editor : Baiju R.S.